# ലക്ഷ്മീഭായി

പുസ്തകം ൩൧ | ൧൧൧൧ കന്നി | ലക്കം ൩


## മംഗളം

ലക്ഷ്മീശൻ സൎവ്വവൎണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷസ്സാംയുന്നെ ദീക്ഷിച്ചമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവൎണ്ണാവലിപരിവിലസൽപത്രവൃന്ദം പെട്ടന്നീ-
'ലക്ഷ്മീഭായി'ക്കു വേണ്ടും നിഖിലഗുണകലാപൂൎത്തിയെച്ചേൎത്തിടട്ടെ.

കവിസാൎവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

## പതിവ്രതാമാഹാത്മ്യം

കൎമ്മേന്ദ്രിയങ്ങൾ അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ അഞ്ച്, മനസ്സ് ഇങ്ങിനെ പതിനൊന്നു കരണങ്ങളെക്കൊണ്ടു സൎവ്വാത്മനാ ഭൎത്താവു ജീവിച്ചിരുന്നാലും, മരിച്ചാലും ഭൎത്താവിൻെറ ആത്മാവിന് അചിന്ത്യമായ ആനന്ദവും സംതൃപ്തിയും അഹൎന്നിശം ഉതകിക്കൊണ്ടു ഭൎത്താവിനെ ശുശ്രൂഷിക്കുകയും, പൂജിക്കുകയും ചെയ്യുന്നതാണ് പതിവ്രതം. അതിൻെറ ഭാവമാണ് പാതിവ്രത്യം. അതുള്ളവരാണ് പതിവ്രതകൾ. ഈ നിലയിൽ ജീവിക്കുന്ന പതിവ്രതകളുടെ മാഹാത്മ്യത്തെപ്പററി അപൂൎണ്ണമായ ഒരു വിവരണം ചെയ്കയെന്നതുപോലും ആൎക്കും സുകരമായ

6 *

ഒരു കാൎയ്യമല്ല. ആ നിലയ്ക്കു, സമഗ്രമായ വിവരണത്തിന്നു മുതിരുവാൻ സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലോ. പതിവ്രതമാരുടെ ശക്തി വാഗതീതമായിട്ടുള്ള ഒന്നാണ്. പതിവ്രതമാരെ ലോകം മുഴുവൻ പൂജിക്കുന്നു. ത്രിമൂൎത്തികൾകൂടി അവരെ ബഹുമാനിക്കുന്നു. പതിവ്രതമാരിൽ കുടികൊള്ളുന്ന ശക്തി വിസ്മയാവഹമായതും, അപ്രതിഹതമായതുമാണ്. അഗ്നിക്കുപോലും പതിവ്രതയെ തപിപ്പിക്കുവാൻ സാദ്ധ്യമല്ല. 'സീതാദേവി' അഗ്നികുണ്ഡത്തിൽ പതിച്ചിട്ടും ദഹിച്ചുപോകാതെ അതിൽനിന്നു കരയേറിയിരിക്കുന്നു. പാഞ്ചഭൗതികമായ അഗ്നിയെ നിസ്സാരമാക്കിത്തീൎക്കുന്ന യോഗാഗ്നി പതിവ്രതമാരിൽ എപ്പോഴും കുടികൊള്ളുന്നുവെന്നതിന്നു ധാരാളം തെളിവുകളുണ്ട്. സാക്ഷാൽ 'സതീദേവി' അതിന്നു പ്രധമോദാഹരണമാണ്. 'സതീദേവി' സ്വഛന്ദമരണം പ്രാപിച്ചതു യോഗാഗ്നിമൂലമാണ്. പാതിവ്രത്യാഗ്നിയാണ്, യോഗാഗ്നിയെന്നു പറയപ്പെടുന്നത്. പതിവ്രതമാരിൽ മാത്രമേ യോഗാഗ്നിയുള്ളു. പതിവ്രതാഹീനകളിലുള്ളതു ജാരാഗ്നിമാത്രമാണ്. പതിവ്രതാമൌലിയായ ദമയന്തി തന്റെ ചാരിത്രഭഞ്ജനത്തിന്നു മുതിൎന്നുവന്ന വനചരനെ ഭസ്മീകരിച്ചതു തൽക്ഷണം ഹൃദയത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ടുവന്ന യോഗാഗ്നിയാൽ—അഥവാ പാതിവ്രത്യാഗ്നിയാൽ—ആണ്. പതിവ്രതമാൎക്ക് അസാദ്ധ്യമായി യാതൊന്നുമില്ല. അവർ ഗംഗയെപ്പോലെ പരിശുദ്ധകളും; അഗ്നിയെപ്പോലെ തേജസ്വിനികളുമാണ്. രൂപഗുണമോ, വേഷഭൂഷണമോ, അല്ലാ പതിവ്രതകളുടെ മഹത്വത്തിന്നുള്ള മാനദണ്ഡം. പതിവ്രതമാൎക്ക് അചേതനങ്ങൾകൂടി വിധേയമായിത്തീരുന്നു. പരശുരാമമാതാവായ 'ശ്രീരേണുകാദേവി', ഗംഗയിൽ

നിന്നു ജലം കൊണ്ടുവന്നിരുന്നതു് ഉരുട്ടിയെടുത്തുകൊ ണ്ടായിരുന്നുപോൽ! ദ്രവവസ്തുവായ ജലം ഘനവസ്തുവാ യ ഒരു സാധനത്തെപ്പോലെ ആ മഹതിയുടെ ഹസ്ത ത്തിൽ താങ്ങിനില്ക്കുകയു, ഘടം മുതലായ പാത്രങ്ങളൊ ന്നും കൂടാതെ അവർ വെള്ളം കൊണ്ടുവരികയും ചെയ്തിരു ന്നു. ഇങ്ങിനെ പതിവായി ചെയ്തുവരുമ്പോൾ, ഒരു ദിവ സം അവർ ഗംഗാംഭസ്സിൽ ഒരു പുരുഷപ്രതിബിംബം ക ണ്ടു മേല്പോട്ടു നോക്കിയപ്പോൾ, ഒരു ഗന്ധർവ്വരാജാവു് ആ കാശപഥത്തിൽ സ്ഥിതിചെയ്യുന്നതായി കാണുകയും, സുന്ദരനും, യുവാവുമായ അദ്ദേഹത്തെക്കണ്ടു മനസ്സിള കി അല്പം മാന്മഥികവികാരം പൂണ്ടു നിന്നുപോകയും ചെയ്തു. തന്നിമിത്തം രേണുകയ്ക്കു മാനസികമായ വ്യഭി ചാരദോഷം നേരിടുകയാൽ ചാരിത്രശുദ്ധിയ്ക്കുടവുതട്ടി യതുനിമിത്തം മുൻപോലെ ജലം വഹിച്ചുകൊണ്ടുവരു വാൻ അവർ ആളായില്ല. ഈ സംഗതിയാലാണു് സ്വവല്ലഭനായ ഭൃഗുമഹർഷിയുടെ കല്പനാനുസരണം സ്വ പുത്രനായ പരശുരാമനാൽ ആ മഹതി നിഗ്രഹിക്ക പ്പെട്ടുപോയതു്. ഈ സംഭവത്താൽ ചാരിത്രത്തിനു ള്ള മഹത്വവും, ചാരിത്രഹീനതയ്ക്കുള്ള ലഘുത്വവും വി ശദീകൃതമാകുന്നുണ്ടു്.

ചാരിത്രശുദ്ധിക്കു മൂർദ്ധാഭിഷേകോദാഹരണമായി വിളങ്ങുന്ന ഒരു ഉജ്ജ്വലതാരമാണു് വസിഷ്ഠപത്നിയായ 'ശ്രീഅരുന്ധതീ'ദേവി. ആ പതിവ്രതാരത്നം ഇന്നും ലോ കരുടെ ദൃഷ്ടിയിൽ കാണത്തക്കവണ്ണമുള്ള ഒരു ദിവ്യന ക്ഷത്രമായി അന്തരീക്ഷത്തിൽ പ്രശോഭിച്ചുവരുന്നുണ്ട ല്ലോ. പതിവ്രതാലോകത്തിൽ അനശ്വരയശസ്സോടുകൂ ടി വിളങ്ങുന്ന മറെറാരുതാരമാണു് അത്രിപത്നിയായ 'അനസൂയാ'ദേവി. ഒരിക്കൽ ശ്രീനാരദമഹർഷി ഇവ രുടെ പാതിവ്രത്യശക്തിയെ പരീക്ഷിക്കയുണ്ടായിട്ടുണ്ടു്.

ഇരിമ്പുകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള കുറെ കടലസ്സു പചിച്ചു കിട്ടുവാനായി പല പതിവ്രതമാരെ ഏല്പിച്ചിട്ടും സാദ്ധ്യമാകായ്കയാൽ, ഒടുവിൽ അതിനെ അനസൂയയുടെ പക്കൽ കൊടുക്കുകയും, അവർ അതിനെ സ്വയം കടലസ്സു യെന്നപോലെ ഭക്ഷണയോഗ്യമായവിധത്തിൽ വേവിച്ചുകൊടുക്കുകയും ചെയ്കയാൽ നാരദമഹർഷി അവരെ സാഷ്ടാംഗം ദണ്ഡനമസ്കാരം ചെയ്തുപോവുകയുണ്ടായിട്ടുണ്ട്. പിന്നീടൊരിക്കൽ നാരദമഹർഷിയുടെ പ്രേരണയാൽ ത്രിമൂർത്തികളും അനസൂയയുടെ ചാരിത്രം പരീക്ഷിക്കുവാൻ പോയിട്ടുണ്ട്. ത്രിമൂർത്തികൾ ഒരുമിച്ചുകൂടി, സുന്ദരാകാരന്മാരായ മൂന്നു യുവഭിക്ഷുക്കളുടെ വേഷത്തിൽ അനസൂയോപാന്തത്തിൽ ചെന്നു ഭിക്ഷയാചിക്കുകയും, ഭിക്ഷ നല്കാമെന്ന് അവർ വാക്കുകൊടുക്കുകയും ചെയ്തു. അനന്തരം യുവഭിക്ഷുക്കൾ പറഞ്ഞതു, തങ്ങളുടെ മുമ്പിൽ നഗ്നരൂപത്തോടുകൂടി വന്നു ഭിക്ഷ നല്കിയാലെ സ്വീകരിക്കുകയുള്ളുവെന്നാണ്. ആ മഹതി ആ അഭ്യർത്ഥനയും സ്വീകരിച്ചു; അവിടെ ഇരിപ്പുള്ള കമണ്ഡലുവിൽനിന്നും അല്പം ജലമെടുത്ത് ആ യുവഭിക്ഷുക്കളുടെ ശരീരങ്ങളിലേക്കു തളിച്ചു; നഗ്നവേഷത്തിൽതന്നെ ഭിക്ഷയും കൊണ്ടുചെന്നപ്പോൾ ത്രിമൂർത്തികളായ ആ യുവഭിക്ഷുക്കൾ മൂന്നുപേരും മൂന്നു കററക്കിടാങ്ങളായി ആശ്രമാങ്കണത്തിൽ സ്ഥിതിചെയ്യുന്നതായിട്ടാണ് കണ്ടത്. അനസൂയ ഉടനെ ആ മൂന്നുബാലന്മാരേയും പുത്രനിർവ്വിശേഷമായ സ്നേഹവാത്സല്യങ്ങളോടുകൂടി ലാളിച്ചുകൊണ്ടിരിക്കുമ്പോൾ, അത്രിമഹർഷി അവിടെ വന്നെത്തുകയും, അദ്ദേഹം വിശേഷാത്തരകോമളന്മാരായി ലാലസിക്കുന്ന ആ ശിശുക്കളെ കണ്ടു സന്തോഷിച്ച് അവർ മൂന്നുപേരേയുംകൂടി ഒന്നായി എടുത്തു വാത്സല്യ

ത്തോടുകൂടി ആശ്ലേഷിക്കുകയും ചെയ്തു. ഉടനെ കുട്ടികൾ മൂന്നു ശിരസ്സോടും, ഏകശരീരത്തോടും കൂടിയ ഒരു വ്യക്തിയായിത്തീരുകയും ചെയ്തു. ആ ത്രിമൂൎത്തികളാണു് നാം പുരാണദ്വാരാ അറിയുന്നതും രവിവൎമ്മയുടെ ചിത്രംമുഖേന കാണുന്നതുമായ 'ശ്രീദത്താത്രേയ' മഹൎഷി. അനസൂയാദേവിയുടെ അനൎഘമായ പാതിവ്രത്യശക്തിയുടെ പ്രത്യക്ഷഫലമാണു് ദത്താത്രേയമഹൎഷിയുടെ അത്ഭുതാവതാരം. ഇദ്ദേഹം മഹൎഷിമാരുടെ കൂട്ടത്തിൽ ഉന്നതസ്ഥാനത്തോടെ വിളങ്ങിവരുന്നു. ഈ വിധത്തിൽ ത്രിമൂൎത്തികളെക്കൂടി ജയിച്ചിട്ടുള്ളതാണു് അനസൂയയുടെ പാതിവ്രത്യശക്തിയെന്നു പുരാണങ്ങൾ ഘോഷിക്കുന്നു. ഇപ്രകാരം ദേവദേവന്മാരെക്കൂടി വെല്ലുവാൻ തക്ക ശക്തിയിലും കാൎയ്യക്ഷമതയിലുമാണു് പതിവ്രതാമാഹാത്മ്യം പരിലസിക്കുന്നതു്. 'സാവിത്രിക്കു' തന്റെ പാതിവ്രത്യശക്തിയാൽ യമലോകത്തോളം, ധൎമ്മരാജാവിനെ പിന്തുടൎന്നുപോയി സത്യവാന്റെ ജീവനെ വീണ്ടുകൊണ്ടുവരുവാനും, ധൎമ്മരാജാവിൽനിന്നു വേറെയും ചില വരങ്ങൾ നേടുവാനും സാധിച്ചു. പതിവ്രതാരത്നമായ 'ശീലാവതി'ക്കു സ്വഭൎത്താവായ 'ഉഗ്രതപസ്സു' മഹൎഷിയെ മരണത്തിൽനിന്നു രക്ഷിക്കുവാൻ സൂൎയ്യനെ മൂന്നുദിവസത്തോളം ഉദിപ്പിക്കാതിരിക്കുവാൻകൂടി സാധിച്ചു. 'നല്ലതങ്കാൾ' എന്ന സതീരത്നം പാതിവ്രത്യശക്തിയുടെ മഹിമയാൽ പച്ചവാഴപ്പിണ്ടിയെ ഉണക്കുവിറകുപോലെ കത്തിക്കുകയും ചൂളവെച്ചുവേവിക്കാത്ത പച്ചമൺപാത്രത്തിൽ അന്നം പചിക്കുകയും, വേറെയും വളരെ അസാദ്ധ്യകാൎയ്യങ്ങൾ പ്രവൎത്തിക്കുകയും ചെയ്തിരിക്കുന്നു. സാദ്ധ്വീലലാമമായ 'ചന്ദ്രമതി' മൃതനായ തന്റെ ഓമനസ്സന്താനത്തെ ചിതയിൽ കിടത്തി ദഹി

പ്പിക്കുവാൻ ചാരിത്രശക്തികൊണ്ടാണ് അഗ്നിയുണ്ടാക്കിയത്.

ഇങ്ങിനെ അസംഖ്യം പതിവ്രതമാരുടെ നാമധേയങ്ങളെടുത്തു പറയുവാനുണ്ടെങ്കിലും ലേഖനദൈർഘ്യഭയത്താൽ അതിനൊരുങ്ങുന്നില്ല. പതിവ്രതമാരുടെ മാഹാത്മ്യത്തെപ്പററി പറവാൻ തുടങ്ങിയാൽ അവസാനമില്ലാത്തതുകൊണ്ട് അതിനും ഇവിടെ ഉദ്യമിക്കുന്നില്ല. പതിവ്രതമാരും പാതിവ്രത്യശക്തിയും ലോകത്തിൽ എന്നെന്നും വിജയിക്കുന്നു. സ്ത്രീജനങ്ങൾക്കു പാതിവ്രത്യം അവരുടെ ദേഹരക്ഷയ്ക്കും അഭിമാനരക്ഷയ്ക്കുമുള്ള ഒരു 'വജ്രകവചം' തന്നെയാണ്. അങ്ങിനെയുള്ള വജ്രകവചം നേടീട്ടുള്ള സതീജനങ്ങളെ ധർഷിക്കുവാനും പരാജയപ്പെടുത്തുവാനും ആരും ശക്തരല്ല. പതിവ്രതമാർ ഏതുകാലത്തും ലോകത്തിന്നു ഒരു താങ്ങായി ജീവിച്ചുവരുന്നുണ്ട്. ഇന്നും അവർ ലോകത്തിൽ ഇല്ലാതെ വന്നിട്ടില്ല. പതിവ്രതമാരുള്ളതുകൊണ്ടാണ് 'ഭൂമി' പാതാളത്തിലേക്കു താണുപോകാതെ നിലനിന്നുവരുന്നതെന്നുകൂടി പറയുന്നത് ഒരിക്കലും അതിശയോക്തിയാവുകയില്ല. എന്നാൽ ബീഹാർ, കച്ചാററാ, എന്നീദിക്കുകളിൽ ഭൂപതനമുണ്ടായതു തീർച്ചയായും അവിടെ പതിവ്രതകളുടെ അഭാവംകൊണ്ടുതന്നെയായിരിക്കണം. യഥാർത്ഥപാതിവ്രത്യമുള്ള ഒററസ്സതീരത്നമെങ്കിലും അവിടെയുണ്ടായിരുന്നുവെങ്കിൽ അവിടുത്തെ ഭൂമി താണുപോവുകയില്ലായിരുന്നു. കുലടാസ്ത്രീകൾ അധികമായി നിവസിച്ചുവരുന്ന രാജ്യം നശിച്ചുപോവുകയും അവിടുത്തെ ഭൂമി പിളൎന്നുപോവുകയും ചെയ്യാതിരിക്കയില്ല. യഥാർത്ഥത്തിൽ കടൽ അതിർത്തിയെ ലംഘിക്കാതിരിക്കുന്നതും, ഭൂമി ചലിക്കാതിരിക്കുന്നതും, മേഘങ്ങൾ യഥാകാലം വ

ഷിക്കുന്നതും, ഉദയാസ്തമനങ്ങൾ ശരിക്കു നടക്കുന്നതും മറ്റുമെല്ലാം പരംപുരുഷന്റെ സഹധർമ്മചാരിണിയായ പ്രകൃതിയുടെ പാതിവ്രത്യശക്തിയാലാണെങ്കിലും പ്രകൃതി സ്വധർമ്മം പാലിച്ചുകൊണ്ടുപോകുന്നതു പതിവ്രതമാരുടെ ദിവ്യശക്തിയെ മാനിച്ചുകൊണ്ടാണെന്നു പറയേണ്ടിയിരിക്കുന്നു.

കേരളം, പതിവ്രതമാരുടെ സംഖ്യയിൽ മറ്റുരാജ്യത്തെ അപേക്ഷിച്ച് അനുഗ്രഹീതയാണെന്നുതന്നെ പറയണം. സമുദ്രതീരത്തിലായും സമുദ്രങ്ങളാൽ ചൂഴപ്പെട്ടതായും നില്ക്കുന്ന കേരളോർവ്വി, കടൽക്ഷോഭത്താൽ ആക്രമിക്കപ്പെടാതെ സ്ഥിതിചെയ്യുന്നതു കേരളത്തിലെ പതിവ്രതമാരുടെ മാഹാത്മ്യത്താലാണെന്നും നിസ്സംശയം പറയാവുന്നതാണ്. അല്ലെങ്കിൽ ജഗതീശ്വരനായ മഹാവിഷ്ണുവിന്റെ പട്ടമഹിഷിയായ ഭൂമീദേവിയുടെ പാതിവ്രത്യശക്തികൊണ്ടാണ്.

എന്നാൽ പതിവ്രതാമാഹാത്മ്യത്തെ ഇന്ന് അധികംപേരും അവഗണിക്കയാണ് ചെയ്തുകാണുന്നത്. സ്ത്രീകൾക്കുകൂടിയും പാതിവ്രത്യമെന്നുകേൾക്കുന്നത് ഇന്ന് അരോചകമായിത്തീർന്നിരിക്കുന്നു 'പതിവ്രതാ' എന്ന വിശേഷണംതന്നെ സ്ത്രീകൾക്ക് ഇന്നു സ്വീകരിക്കുവാൻ ലജ്ജയായിരിക്കുന്നുപോൽ! സ്ത്രീകളിൽ ഭൂരിപക്ഷവും ഇന്നു ചാരിത്രത്തെയല്ല, സ്വാതന്ത്ര്യത്തെയാണ് ആഗ്രഹിച്ചിരിക്കുന്നത്. സ്വാതന്ത്ര്യത്തെ അവർ ഏറ്റവും കാംക്ഷിക്കുന്നു. എന്നാൽ സ്ത്രീജനങ്ങൾക്കുചിതമായതും അവർ അർഹിക്കത്തക്കതുമായ സ്വാതന്ത്ര്യത്തെയല്ല അവർ കാംക്ഷിക്കുന്നത്. ഒരുവക ദുസ്സ്വാതന്ത്ര്യത്തെയാണ് ആധുനികസ്ത്രീലോകം കാംക്ഷിക്കുന്നത്. അവരുടെ ആ ദുസ്സ്വാതന്ത്ര്യത്തെയും ദുരഭിലാഷത്തെയും സ്വാ

ഗതം ചെയ്തു സ്വീകരിപ്പാനും ആയതു പുലൎത്തിക്കൊടുപ്പാനും സ്ത്രീജിതന്മാരായ ഒരുവക പുരുഷന്മാരും സന്നദ്ധരായി മുൻ നില്ക്കുന്നുണ്ടു്. സ്ത്രീസ്വാതന്ത്ര്യം അല്പാല്പമായി തലപൊക്കിത്തുടങ്ങിയപ്പോൾ ചാരിത്രശ്രീ സ്ത്രീകളെ വിട്ടു് അകന്നകന്നുപോകുവാനും തുടങ്ങി. പാതിവ്രത്യത്തിന്നും സ്വാതന്ത്ര്യത്തിന്നും ഒരേ ദിക്കിൽ സ്ഥാനമില്ല. അവസ്ഥ തമ്മിൽ പൊരുത്തവുമില്ല. പാതിവ്രത്യമുള്ളിടത്തു സ്വാതന്ത്ര്യവും, സ്വാതന്ത്ര്യമുള്ളിടത്തു പാതിവ്രത്യവുമില്ല. സ്വൈരിണികളും പതിവ്രതകളും തമ്മിൽ ഒരിക്കലും യോജിക്കുകയില്ല. ഇപ്പോഴത്തെ സ്ത്രീകൾ മിക്കവരും സ്വതന്ത്രചിത്തകളും സ്വൈരിണികളുമായിത്തീൎന്നിരിക്കുകയാൽ, സതീത്വം ലോകത്തിൽനിന്നു മിക്കതും മറഞ്ഞുകഴിഞ്ഞിരിക്കുന്നു. അസതികൾ വൎദ്ധിക്കുന്തോറും ലോകത്തിൽ ദാരിദ്ര്യവും, രോഗവും നീചസന്തതികളും വൎദ്ധിച്ചുവരുന്നു. അതിവൃഷ്ടി, അനാവൃഷ്ടി, കൊടുങ്കാറ്റു മുതലായ പ്രകൃതികോപങ്ങളുമുണ്ടായിത്തീരുന്നു. പതിവ്രതയായ ഒരു സ്ത്രീക്കുണ്ടാകുന്ന ശക്തി, തേജസ്സു, യശസ്സ് ഇവയൊന്നും സ്വതന്ത്രവതിയായിനടക്കുന്ന ഒരു സ്ത്രീക്കുണ്ടാവുകയില്ല. യഥാൎത്ഥത്തിൽ പതിവ്രതമാർ ഏതാപത്തുകളോടും എതിൎക്കുകയും ഏതു വ്യസനത്തേയും ക്ഷമയോടുകൂടി സഹിക്കുകയും, കഠിനവ്യാപത്തുകളിൽനിന്നുപോലും സ്വയം രക്ഷപ്പെടുകയും ചെയ്യുന്നു. എന്നാൽ സ്വതന്ത്രകളായിനടക്കുന്ന സ്ത്രീജനങ്ങൾക്കു് അവർ അഭ്യസ്തവിദ്യകളാണെങ്കിൽ പോലും അതിന്നൊന്നും സാദ്ധ്യമല്ല. അവൎക്കു ധീരത്വം, ആത്മസംയമനത്വം, ക്ഷമ ഇവയൊന്നും അത്രവളരെ സ്വാധീനത്തിൽ നില്ക്കുകയില്ല. സ്വതന്ത്രകളായി നടക്കുന്ന സ്ത്രീകൾക്കു് ആപത്തുകളോടെതിൎക്കുവാനുള്ള ശ

ക്തിയോ, അവയെ ക്ഷമിക്കാനുള്ള സഹനശക്തിയോ ഇല്ലെന്നല്ല, അവരെ ആപത്തിൽനിന്നു രക്ഷിക്കേണമെങ്കിൽ അന്യന്മാർ വേണ്ടിവരികയും ചെയ്യുന്നു. ഈവക വാസ്തവങ്ങൾ ശ്രുതിയുക്തിഅനുഭവങ്ങളാൽ അറിഞ്ഞിട്ടും നവീനസ്ത്രീലോകം ചാരിത്രത്തെ ആദരിക്കാതിരിക്കുന്നതു ശോചനീയമെന്നേ പറഞ്ഞുകൂടു. ആന, താൻതന്നെ തന്റെ ശിരസ്സിൽ മണ്ണു വാരിയിടുന്നതുപോലെയാണ്, ആനയാനകളായ സ്ത്രീകൾ സ്വാതന്ത്ര്യമായ മണ്ണു സ്വമസ്തകങ്ങളിൽ വാരിയിടുന്നത്. ഇങ്ങിനെ സ്ത്രീജനങ്ങൾ സ്വാതന്ത്ര്യമെന്ന പാംസുസ്നാനംകൊണ്ടു കണ്ണു കാണാതെ അന്ധകൂപത്തിൽ ചെന്നു പതിക്കുമ്പോൾ ആ സമയത്ത് അവർ പതിവ്രതാമാഹാത്മ്യത്തെപ്പററി അറിയുകതന്നെ ചെയ്യും.

രണ്ടു വാക്കുംകൂടി പറഞ്ഞ് അവസാനിപ്പിച്ചേക്കാം. സ്ത്രീസ്വാതന്ത്ര്യം പരമകാഷ്ഠയിലെത്തിയതിന്റെ ഫലമാണ് വിശ്വവിശ്രുതമായ 'വിധവാവിവാഹം'. സ്ത്രീസമുദായം നിരന്തരപരിശ്രമംകൊണ്ടു നേടിയ ഈ നേട്ടത്തെപ്പററി ഞാൻ ഒന്നും പറവാൻ വിചാരിക്കുന്നില്ല. ഈ മംഗളകർമ്മത്തെ പ്രശംസിക്കാൻവേണ്ടി കൂടുന്ന സമാജങ്ങളും, അതിൽ പ്രസംഗിക്കുന്ന അഭ്യസ്തവിദ്യരായ പ്രാസംഗികന്മാരും ഈ സൽക്കർമ്മത്തെ പുകഴ്ത്തി ലേഖനങ്ങളെഴുതുന്ന ലേഖകന്മാരും ആവക പ്രസംഗങ്ങളും ലേഖനങ്ങളും പ്രസിദ്ധം ചെയ്യുന്ന പത്രങ്ങളും, മാസികകളും യഥേഷ്ടം പറഞ്ഞുകൊള്ളട്ടെ. ശ്രീകൃഷ്ണ! ശ്രീരാമ! നാരായണ! ഇത്രമാത്രം.

നടുവത്തു മഹൻനമ്പൂരി.

## പൌരാണികസാഹിത്യത്തിലെ
# നായകന്മാരും പ്രതിനായകന്മാരും

(തുടച്ച്)

നിത്യബ്രഹ്മചാരി, തപസ്വി, വേദപാരഗൻ, സ്വച്ഛന്ദമൃത്യു, പരാക്രമി എന്നിങ്ങിനെ പലനിലകളിൽ ശോഭിക്കുന്ന ഒരു മഹാപുരുഷനാകുന്നു ഭീഷ്മർ. സൂക്ഷ്മസ്ഥിതിയെന്താണെങ്കിലും ദുര്യോധനൻ ഈ ആചാര്യനെ തൻെറ കക്ഷിയുടെ വലിയ താങ്ങായി വിചാരിച്ചുവന്നു. "അർത്ഥസ്യ പുരുഷോ ദാസഃ" എന്ന ലോകസ്വഭാവം അനുസരിച്ചു ഭീഷ്മർ ദുര്യോധനപക്ഷത്തിൽ നിന്നു; എങ്കിലും ആ തത്വജ്ഞാനിയുടെ ഹൃദയം ധാർമ്മികന്മാരായ പാണ്ഡവന്മാർക്കനുകൂലമായിരുന്നു. ഈ ആചാര്യൻെറ അത്ഭുതകരമായ ഭുജപ്രതാപത്തെ ഭാരതത്തിൽ പല ഭാഗങ്ങളിലും പ്രശംസനീയമായ പാടവത്തോടുകൂടി വ്യാസൻ വർണ്ണിച്ചു കാണിച്ചിട്ടുണ്ട്. ഭീഷ്മരുടെ ജ്ഞാനം അപാരവും ഗംഭീരവുമാകുന്നു എന്നു ഭാരതത്തിലെ ശാന്തിപർവ്വം വ്യക്തമാക്കുന്നു. പ്രൌഢഗംഭീരമായ (അഥവാ അഭൂതപൂർവ്വമായ) ഒരു മഹാസദസ്സിൽ വെച്ചു ശരശയ്യാശായിയായ ഭീഷ്മർ ധർമ്മപുത്രർക്കു ചെയ്യുന്ന ധർമ്മോപദേശമാകുന്നു ശാന്തിപർവ്വത്തിലെ വിഷയം. ഈ അതിവിപുലമായ പർവ്വം മഹാഭാരതത്തിലെ ഹൃദയമാകുന്നു എന്നുപറയണം. അത്രയ്ക്ക് അതിന്നു പ്രാധാന്യമുണ്ട്. ഗഹനമായ ധർമ്മത്തിൻെറ സർവ്വമുഖങ്ങളേയുംപററി ഇത്രയും വിശാലവും സോദാഹരണവും സരസവുമായി വിമർശിക്കുന്ന ഒരു ഭാഗം, മഹാഭാരതത്തിലെന്നല്ല ലോകത്തിലെ മറെറാരു സാഹിത്യത്തിലുമില്ലെന്ന് ഉറപ്പുപറയാം. അസജ്ജനമായ ദുര്യോധനനെ

ആശ്രയിച്ചതുകൊണ്ടു ഭീഷ്മർ അധഃപ്പതിച്ചു. "സംസർഗ്ഗമുക്തിഃഖലൈഃ" എന്ന സന്മാർഗ്ഗതത്വം ഇവിടെ ചിന്തനീയമാകുന്നു. മഹാഭാരതത്തിൽ ഭീഷ്മരെപ്പോലെ അത്യുജ്ജ്വലമായ ഒരു തേജഃപുഞ്ജം വേറെയുണ്ടെന്നു തോന്നുന്നില്ല. പരമോന്നതിയെ പ്രാപിച്ച കവിഭാവനയ്ക്കുകൂടി ഭീഷ്മരെപ്പോലെയുള്ള ഒരു മഹാപുരുഷന്റെ സൃഷ്ടി ദുഷ്ക്കരമാകുന്നുവെന്നല്ലാതെ ഈ മഹായോഗിയുടെ വൈഭവത്തെപ്പററി മറെറന്തുപറയുവാൻ കഴിയും?

വലിയ ത്യാഗി, ദുര്യോധനന്റെ പ്രാണമിത്രം, വിശ്വസ്തൻ അർജ്ജുനന്റെ പ്രത്യേകവൈരി, പരാക്രമനിധി ഇതെല്ലാമാകുന്നു കർണ്ണന്റെ നില. ദുര്യോധനൻ കർണ്ണനെയെന്നപോലെ കർണ്ണൻ ദുര്യോധനനേയും വലിയ താങ്ങായിക്കരുതുന്നു. അസാധാരണങ്ങളായ പലഗുണങ്ങളും കർണ്ണനുണ്ട്. എങ്കിലും പൊതുവേ വിചാരിച്ചാൽ സരസമഹാകവിയായ മേല്പത്തൂർ ഭട്ടതിരിയുടെ ഭാഷയിൽ കർണ്ണൻ "ദുർന്നയമഹാർണ്ണവകർണ്ണധാരൻ" എന്നുതന്നെ സമ്മതിക്കണം. ജന്മനാ ദുഷ്ടനായ ദുര്യോധനനു കർണ്ണന്റെ ഉപദേശവും ആശ്രയവും 'കയറിപ്പോകുന്ന കുരങ്ങിന് ഏണി'യായി ഭവിച്ചു. കർണ്ണനെപ്പോലെതന്നെ ദുര്യോധനന്റെ അപനയവിഷവൃക്ഷത്തെ വേണ്ടവിധം ദുരുപദേശദോഹളമിട്ടു വളർത്തിവന്ന രണ്ടു സേവന്മാരായിരുന്നു ശകുനിയും ശല്യരും. ചൂതുകളിയിൽ പല വഞ്ചനകളും കാണിക്കുന്ന കാര്യത്തിൽ ശകുനി പ്രധാനപങ്കെടുത്തു. ദുശ്ശാസനനും ജയദ്രഥനും ദുര്യോധനന്റെ രണ്ടു കൈകളാകുന്നു. ഇവരിൽ ദ്രൌപദിയെ അപമാനിച്ചതുകൊണ്ടു ദുശ്ശാസനനും അഭിമന്യുവിനെ ചതിച്ചതുകൊണ്ടു ജയദ്രഥനും ഭാരതത്തിൽ ശാശ്വതമായ കുപ്രസിദ്ധി കിട്ടി. കൌരവപക്ഷത്തിലെ നിസ്തുല്യ

നം അത്യുജ്ജ്വലനുമായ ഒരു മഹാവീരപുരുഷനാകുന്നു അശ്വത്ഥാമാവ്. ദുര്യോധനനുവേണ്ടി എന്തധമ്മവും പ്രവത്തിക്കുവാൻ മടിയില്ല. ഇതാണ് അശ്വത്ഥാമാവിൻെറ സ്വഭാവം. സവ്വാസ്ത്രരഹസ്യജ്ഞനുമായ ഈ മഹാപുരുഷൻ പാണ്ഡവന്മാരെ നശിപ്പിക്കുവാൻ ചെയ്ത പല പ്രവൃത്തികളും ഭഗവാൻെറ വൈഭവംനിമിത്തം നിഷ്ഫലമായിഭവിച്ചതാണ്. അശ്വത്ഥാമാവും വ്യാസരുടെ ഒരു അത്ഭുതസൃഷ്ടിയാകുന്നുവെന്നു പറയണം.

ഇതാണ് ഭാരതത്തിലെ നായകന്മാരുടേയും പ്രതിനായകന്മാരുടേയും സ്വഭാവം. ജാതിമതദേശകാലാദിഭേദമില്ലാതെ ഇവരിൽനിന്ന് അനേകം ആനുകൂല്യതത്വങ്ങൾ ലോകത്തിനു പഠിക്കുവാനുണ്ട്. അല്പങ്ങളും മഹത്തുക്കളും വിവിധസ്വഭാവങ്ങളുമായ അനേകം പാത്രങ്ങളെ നിമ്മിച്ച്, അവയിൽക്കൂടി ധമ്മത്തിൻേറയും അധമ്മത്തിൻേറയും സൂക്ഷ്മങ്ങളായ അംശങ്ങളെക്കൂടി അനുഭവയുക്തമായവിധം വിശദമായി ലോകത്തിനു കാണിച്ചുകൊടുക്കുന്ന മഹാസാഹിത്യം മഹാഭാരതം ഒന്നുമാത്രമാകുന്നു.

"യേന ത്വയാ ഭാരതതൈലപൂണ്ണഃ
പ്രജ്വാലിതോ ജ്ഞാനമയഃ പ്രദീപഃ"

എന്ന് ഒരു കവി, ഭാരതകത്താവിനെക്കുറിച്ചു പ്രശംസിച്ചിരിക്കുന്നു. ഈ ശ്ലാഘയനുസരിച്ചു ലോകത്തിലെ ജ്ഞാനപ്രദീപത്തെ പ്രജ്വലിപ്പിക്കുന്ന തൈലവിശേഷമാണ് ഭാരതം എന്ന് ആരും സമ്മതിക്കാതെയിരിക്കയില്ല.

നായകൻേറയും പ്രതിനായകൻേറയും നിലയിൽ പുരാണപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള രണ്ടു മഹാപുരുഷന്മാരാകുന്നു പരശുരാമനും കാത്തവീയ്യാജ്ജുനനും.

ശാന്തവും വിശുദ്ധവുമായ ബ്രാഹ്മതേജസ്സും ഉജ്ജ്വ

ലത്തും ഉൽക്കടവുമായ ക്ഷാത്രപ്രതാപവും പരശുരാമനിൽ ഒരുപോലെ സ്ഥിതിചെയ്യുന്നു. പിതാവിന് അഹിതം പ്രവൎത്തിച്ചതുകൊണ്ടു സ്വന്തം മാതാവിനേയും സഹോദരന്മാരേയും വധിച്ചു പിതൃഭക്തിയേയും, സന്തുഷ്ടനായ പിതാവിങ്കൽനിന്നു വരം വാങ്ങി അവരെ ജീവിപ്പിച്ചു, മാതൃഭക്തി സഹോദരസ്നേഹം എന്നു രണ്ടു പ്രശസ്തഗുണങ്ങളേയും പരശുരാമൻ പ്രത്യക്ഷമാക്കി. അധൎമ്മം ചെയ്യുന്നവർ തന്റെ അമ്മയും സഹോദരന്മാരുംതന്നെയാണെങ്കിലും ശിക്ഷാൎഹന്മാരാണെന്നുള്ള ധൎമ്മം പരശുരാമന്റെ ഈ പ്രവൃത്തി പഠിപ്പിക്കുന്നു. പിതൃദ്രോഹികളായ ക്ഷത്രിയരെ ഇരുപത്തൊന്നുവട്ടം നിഗ്രഹിച്ചതു പരശുരാമന്റെ മറ്റൊരു പൌരുഷപ്രവൃത്തിയാകുന്നു. ഈ ക്ഷത്രിയവധം ഭയങ്കരവും അസാധാരണവുമായ് ഒരു പ്രതികാരബുദ്ധിയെ കാണിക്കുന്നതാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാം; എന്നാൽ ധൎമ്മസ്ഥാപനത്തിനുവേണ്ടിചെയ്ത ഖലജനനിഗ്രഹത്തിന്റെ നിലയിൽ മാത്രമേ ഇതിനെപ്പററി ചിന്താശീലന്മാൎക്കു വിചാരിക്കുവാൻ നിവൃത്തിയുള്ളു. പരശുരാമൻ ഭൂമി മുഴുവനും ബ്രാഹ്മണൎക്കു ദാനം ചെയ്ത ഒരു മഹാത്യാഗിയും സ്വൎഗ്ഗത്തിൽകൂടി ആഗ്രഹമില്ലാത്ത വലിയ യോഗിയുമാകുന്നു. പരാക്രമത്തിന്റേയും ത്യാഗത്തിന്റേയും വൈഭവം കാണിച്ചു രണ്ടുകൊണ്ടും ലോകത്തെ സമുദ്ധരിച്ചു ഒരു മഹാപുരുഷനെ പരശുരാമതുല്യനായി, വേറെ കാണുവാൻ എളുപ്പം സാധിക്കയില്ല.

പ്രതിനായകന്മാരുടെ വൎഗ്ഗത്തിലാണ് സ്ഥാനമെങ്കിലും കാൎത്തവീൎയ്യാൎജ്ജുനനെ, രാവണാദികളെപ്പോലെ ഗണിക്കാവുന്നതല്ല. ബ്രഹ്മജ്ഞാനം പരാക്രമം ധൎമ്മം യോഗസിദ്ധി തപശ്ശക്തി നീതിനിഷ്ഠ മുതലായ മഹാഗു

ണങ്ങൾ തികച്ചുമുള്ള ഒരു ഉത്തമരാജാവാണ് കാൎത്തവീൎയ്യാൎജ്ജുനൻ. ആയിരം കൈകൾ ഈ രാജാവിൻെറ മററാൎക്കമില്ലാത്ത ഒരു സമ്പത്താകുന്നു. ജനങ്ങൾ മാനസികമായ അധൎമ്മംപോലും, കാൎത്തവീൎയ്യാൎജ്ജുനൻെറ രാജ്യത്തു ചെയ്ക പതിവില്ല. അവൎക്ക് അത്രയ്ക്കു ഭയം രാജാവിനെക്കുറിച്ചുണ്ട്. യോഗേശ്വരത്വം, ഐശ്വൎയ്യസിദ്ധി, വായുവിനെപ്പോലെ സൂക്ഷ്മരൂപിയായി ലോകങ്ങളിൽ എവിടേയും തടവില്ലാതെ സഞ്ചരിക്കാനുള്ള ശക്തി മുതലായവ കാൎത്തവീൎയ്യാൎജ്ജുനൻെറ വൈഭവങ്ങളാകുന്നു. പ്രതാപനിധിയായ രാവണനെ, ഒരു കുരങ്ങിനെപ്പോലെ പിടിച്ചുകെട്ടി കാരാഗൃഹത്തിലിട്ടു 'കളിപ്പിച്ചു' എന്നു പറഞ്ഞാൽ കാൎത്തവീൎയ്യാൎജ്ജുനൻെറ ബാഹുബലം എത്രയുണ്ടെന്ന് ഊഹിക്കാമല്ലോ. ഒരിക്കൽ ജമദഗ്നിയുടെ ആശ്രമത്തിൽ ചെന്നപ്പോൾ അവിടെ കണ്ട വിശിഷ്ടയായ ഗോവിനെ അപഹരിച്ചു. ഇതാണ് പരശുരാമനോടു കാൎത്തവീൎയ്യാൎജ്ജുനൻ ചെയ്ത അപരാധം. പരധനത്തിലുണ്ടായ ഈ നിന്ദ്യമായ ആഗ്രഹം ഒടുവിൽ കുലത്തിനും നാശകരമായി ഭവിച്ചു. ഇങ്ങിനെ കാൎത്തവീൎയ്യൻ കൃതവീൎയ്യനായി. ഈ നാശത്തിന് അഹങ്കാരവും കാരണമാണെന്നു വിചാരിക്കണം. ഈ പ്രതിനായകനും ലോകത്തെ പലതും പഠിപ്പിക്കുന്നുണ്ട്.

ആരുടേയും ഭക്തിബഹുമാനങ്ങളെ അൎഹിക്കുന്ന ശാന്തഗംഭീരനായ മറെറാരു നായകനാകുന്നു പ്രഹ്ളാദൻ. ഹിരണ്യകശിപു തൻെറ ഈ പുത്രനെ 'ദൈതേയചന്ദനവന'ത്തിലെ 'കണ്ടകദ്രുമ'മായി വിചാരിക്കുന്നു. വാസ്തവത്തിൽ ദൈതേയകണ്ടകവനത്തിലെ ചന്ദനദ്രുമമാകുന്നു പ്രഹ്ളാദൻ. ദൃഢമായ ഈശ്വരവിശ്വാസം, കാമത്തിൻെറ കണികപോലും സ്പൎശിക്കാത്തവിധം

നിൎമ്മലമായ ഭക്തി, ഏതു കൊടുങ്കാററിലും ചലിക്കാത്ത മനസ്ഥൈൎയ്യം, ലോകാനുകമ്പ, അഗാധമായ ആത്മജ്ഞാനം മുതലായ ഗുണങ്ങൾകൊണ്ടു് ഈ ബാലൻ വൃദ്ധയോഗികളേയും ജയിച്ചുനില്ക്കുന്നു ഭഗവൽഭക്തിയെ നശിപ്പിച്ചു പ്രഹ്ലാദനെ, തന്റെ യഥാൎത്ഥപുത്രനാക്കുവാൻ ഹിരണ്യകശിപു ചതുരുപായങ്ങളും പ്രയോഗിച്ചുനോക്കി. ഭയങ്കരങ്ങളായ പല ദ്രോഹങ്ങളും പ്രഹ്ലാദനെക്കൊല്ലുവാൻ ചെയ്തു. എന്നാൽ അവയെല്ലാം ബാലന്റെ മനസ്ഥൈൎയ്യത്തെയും ഭക്തിയേയും പൂൎവ്വാധികം ഉറപ്പിക്കുന്നതിനുമാത്രമേ പ്രയോജനപ്പെട്ടുള്ളൂ. 'അപുണ്യന്റെ സൽക്രിയകൾപോലെ' അവ പ്രഹ്ലാദനിൽ വിഫലങ്ങളായി ഭവിച്ചു. മനസ്സു ഭഗവാനിൽ ലയിപ്പിച്ചു, തന്നെയുംകൂടി മറന്നു, ഭഗവച്ചിന്തൈകപരനായി കഴിഞ്ഞുകൂടുന്ന ഒരു ഭ്രാന്തന്റേതായിരുന്നു പ്രഹ്ലാദന്റെ നില.

"യഥാ ഭ്രാമ്യത്യയോ ബ്രഹ്മൻ! സ്വയമാകൎഷസന്നിധൌ
തഥാ മേ ഭിദ്യതേ ചേതശ്ചക്രപാണേൎയ്യദൃച്ഛയാ."

മഹാഭാഗവതം സപ്തമസ്കന്ധം അദ്ധ്യായം ൫.

എന്നു പ്രഹ്ലാദൻ പറയുന്നു. "ഇരുമ്പു് അകാരണമായി എങ്ങിനെ കാന്തത്തിന്റെ സമീപത്തിലേക്കു് ആകൎഷിക്കപ്പെട്ടു ചെല്ലുന്നുവോ അതുപോലെ എന്റെ മനസ്സു ഭഗവാന്റെ അടുക്കലേക്കു പോകുന്നു." ഈ വാക്കു് ഉത്തമഭക്തന്റെ യഥാൎത്ഥമനസ്ഥിതിയെ കാണിക്കുന്നു.

പ്രഹ്ലാദൻ ദൈത്യബാലന്മാൎക്കു ജ്ഞാനോപദേശം ചെയ്യുന്ന ദീൎഘമായ ഒരു ഭാഗം ഭാഗവതത്തിലുണ്ടു്. ആത്മതത്വമാൎഗ്ഗങ്ങളെ വിശദമായി പ്രകാശിപ്പിക്കുന്ന ഒന്നാണു് ഈ ഭാഗം. ബാലനായ പ്രഹ്ലാ

ദൻ ജ്ഞാനംകൊണ്ടു വൃദ്ധനും സിദ്ധനുമായ ഒരു യോഗിയാണെന്ന് ഈ ഭാഗം തെളിയിക്കുന്നു.

പ്രഹ്ളാദൻ ചെയ്യുന്ന ദീൎഘമായ ഭഗവൽസ്തോത്രം ഭക്തിജ്ഞാനസംഭരിതമായ ഒന്നാകുന്നു. ആക്കം ആദരണീയങ്ങളായ അനേകം ജ്ഞാനരഹസ്യങ്ങൾ അതിൽനിന്നു ഗ്രഹിക്കുവാനുണ്ട്. "നരസിംഹമൂൎത്തിയുടെ നിശിതതരങ്ങളായ ദംഷ്ട്രകളേയും നഖാഗ്രങ്ങളേയും ഞാൻ ഭയപ്പെടുന്നില്ലെ"ന്നും "സംസാരദുഃഖത്തോട് എനിക്കു ഭീതിയുണ്ടെ"ന്നും പ്രഹ്ളാദൻ സ്തോത്രത്തിൽ പറയുന്നു. ഇതിലധികം ചാതുൎയ്യത്തോടുകൂടി സംസാരക്ലേശത്തിന്റെ ഉഗ്രതയെ എങ്ങിനെ വെളിവാക്കാം? അനേകം സപത്നികളോടുകൂടിയ ഒരു ഗൃഹസ്ഥന് എങ്ങിനെ സ്വാസ്ഥ്യം ലഭിക്കുന്നില്ലയോ അതുപോലെ ജിഹ്വാനേത്രശ്രോത്രാദീന്ദ്രിയങ്ങളുള്ള മനുഷ്യൎക്ക് സുഖം കിട്ടുന്നില്ലെന്നു പറഞ്ഞിരിക്കുന്നതും സാരവും അനുഭവസിദ്ധവുമായ തത്വമാകുന്നു.

"രണ്ടു കളത്രമങ്ങുണ്ടാക്കിവെക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും"

എന്നു രസികാഗ്രേസരനായ കുഞ്ചൻനമ്പിയാർ പാടിയിരിക്കുന്നത് ഈ സന്ദൎഭത്തിൽ ഓൎമ്മയിൽവരുന്നു. ഈ സ്ഥിതിക്ക് അനേകം ഇന്ദ്രിയദാരങ്ങളോടുകൂടിയ മനുഷ്യരുടെ സുഖത്തിന്റെ നിലയെന്താണെന്ന് ഊഹിക്കാവുന്നതാണല്ലൊ. ഗൃഹസ്ഥൻ സപത്നികളെന്നപോലെ മനുഷ്യർ ഇന്ദ്രിയവൃത്തികളെ കീഴടക്കിയൊതുക്കി നിലൎത്തണം. എങ്കിൽമാത്രമേ സുഖം ലഭിക്കയുള്ളൂ. ഇതാണ് പ്രഹ്ളാദന്റെ ആശയം. "മുനികളധികവും തങ്ങളുടെ സംസാരബന്ധം അറുത്തു മുക്തന്മാരാകണമെന്ന് ഉദ്ദേശിച്ചു വിജനപ്രദേശത്തുചെന്നു തപസ്സുചെയ്തു

ന്നു. അന്യന്മാരുടെ കാൎയ്യത്തിൽ അവർ മനസ്സുവെക്കു ന്നില്ല. അനേകകോടിജനങ്ങൾ സംസാരമഗ്നന്മാരായി കഷ്ടപ്പെടുമ്പോൾ എനിക്കു മുക്തിസുഖം വേണമെന്ന് ആഗ്രഹമില്ല" ഈ വാക്കുകൾ പ്രഹ്ലാദൻെറ അതുല്യ മായ ലോകാനുകമ്പയെ പ്രകാശിപ്പിക്കുന്നു. ഇത്രയ്ക്ക് ആൎദ്രവും ഉന്നതവുമായ ഒരു മനസ്ഥിതിയാണ് പ്ര ഹ്ലാദനുള്ളത്. ഇപ്രകാരം അമൂല്യങ്ങളായ അസംഖ്യം തത്വരത്നങ്ങളെ, ഭക്തിയാകുന്ന കനകസൂത്രത്തിൽ, സൂത്രമൊന്നുംകൂടാതെ നേരെതന്നെ ചേൎത്തിണക്കിക്കെട്ടീ ട്ടുള്ള ഒരു സ്തോത്രഹാരമാകുന്നു പ്രഹ്ലാദൻ നരസിംഹ മൂൎത്തിയെ ചാൎത്തിക്കുന്നത്.

പ്രഹ്ലാദൻെറ ഭക്തി കണ്ടു ഭഗവാൻ അത്യന്തം സന്തുഷ്ടനായി "നിനക്ക് ഇഷ്ടമുള്ള വരം ചോദിച്ചുകൊ ള്ളുക; തരാം" എന്നു പറഞ്ഞു. അപ്പോൾ

"യസ്ത ആശിഷ ആശാസ്തേ
ന സഭൃത്യസ്സവൈ വണിക്"

ഭാഗവതം സ്കന്ധം ൭. അദ്ധ്യായം ൧൦.

എന്നു പ്രഹ്ലാദൻ അറിയിക്കുന്നു. ഈ വാക്കുകളുടെ അ ൎത്ഥഗാംഭീൎയ്യം നോക്കുക. വരത്തിനുവേണ്ടി ഈശ്വരനെ ഭജിക്കുന്നവൻ വാസ്തവത്തിൽ ഭക്തനല്ല, കച്ചവടക്കാര നാകുന്നു. ഈ അഭിപ്രായം സകാമഭക്തിയുടെ ക്ഷുദ്രത യെ വെളിവാക്കുന്നു. പ്രഹ്ലാദൻ വീണ്ടും പറയുന്നു.

"അഹം ത്വകാമസ്ത്വൽഭക്ത-
സ്ത്വം ച സ്വാമ്യനപാശ്രയാ
നാന്യഥേഹാവയോരൎത്ഥോ
രാജസേവകയോരിവ."

"ഭഗവാനേ! എനിക്കു നിന്തിരുവടിയെക്കൊണ്ടും അവിടുത്തേക്ക് എന്നെക്കൊണ്ടും ഒന്നും സാധിക്കേണ്ടതില്ല. ഞാൻ നിഷ്കാമനായി അവിടുത്തെ ഭജിക്കുന്നു; എന്നെ നിന്തിരുവടി സേവിക്കുന്നതും അങ്ങിനെതന്നെ. രാജാവും സേവകനും അന്യോന്യം സ്നേഹിക്കുന്നത് ഓരോ കാൎയ്യങ്ങൾ സാധിക്കുവാനാകുന്നു. അതല്ല നമ്മുടെ നില. ഉത്തമനായ ഭക്തന് എത്രമാത്രം സ്വാൎത്ഥരാഹിത്യമുണ്ടായിരിക്കണമെന്നു പ്രഹ്ളാദങ്കൽനിന്നു പഠിക്കണം. ഭക്തികൊണ്ട് ഈശ്വരനുമായി കച്ചവടം നടത്തുന്നവർ യഥാൎത്ഥഭക്തന്മാരല്ലെന്നും ഗ്രഹിക്കേണ്ടതാകുന്നു. തപസ്വികളും ഭക്തന്മാരും യോഗികളും എല്ലാക്കാലത്തും ലോകത്തിൽ സംഭവിക്കാറുണ്ട്. അവർ അത്രയധികം ദുൎല്ലഭമല്ല. എന്നാൽ പ്രഹ്ളാദന്റെ കാലത്തിനുശേഷം തത്തുല്യമായ ഒരു ഭക്തരത്നം ഒരുകാലത്തെങ്കിലും ലോകത്തിന്റെ വക്ഷസ്സിനെ അലങ്കരിച്ചതായി അറിയുന്നില്ല.

തപഃപൌരുഷപരാക്രമാദികൾകൊണ്ടും ഹിംസാഹങ്കാരാഭിമാനാദികൾകൊണ്ടും ഹിരണ്യകശിപുവിനെ രാവണന്റെ അൎദ്ധാസനാവകാശിയായി ഗണിക്കണം. ഭ്രാതാവായ ഹിരണ്യാക്ഷന്റെ വധംനിമിത്തം ഹിരണ്യകശിപുവിനു ഭഗവാനോടു വൈരം വൎദ്ധിച്ചു. ദാനം ഹോമം ജപം തപം യാഗം ഗോരക്ഷ മുതലായ ഭഗവൽപ്രീതികരങ്ങളായ സൽകൎമ്മങ്ങളെല്ലാം ഹിരണ്യകശിപു മുടക്കി; ഭഗവാനെ ഹിംസിക്കുവാൻ എല്ലാ സ്ഥലങ്ങളിലും അന്വേഷിച്ചുനടന്നു. പുത്രവത്സലയായ ഒരു മാതാവു കയ്യിൽനിന്നു തെറ്റിപ്പോയ ഒരു കുട്ടിയേയും, വൈരോജ്വലനായ രാജാവ് ഒളിച്ചോടിപ്പോയ ശത്രുവിനേയും കുറിച്ചെന്നപോലെ ഹിരണ്യകശിപു അവി

ച്ഛിന്നാധാരമായ വിചാരത്തോടുകൂടി ഭഗവാനെ കണ്ടുപിടിക്കുവാൻ പല ദിക്കിലും സഞ്ചരിച്ച് ഒടുവിൽ വൈകുണ്ഠത്തിലെത്തി. അപ്പോൾ കാലജ്ഞനായ മഹാവിഷ്ണു സൂക്ഷ്മരൂപേണ ശ്വാസമാൎഗ്ഗത്തിൽകൂടി ഹിരണ്യകശിപുവിൻെറ അന്തർശ്ശരീരത്തിൽ പ്രവേശിച്ചു. ഈവിധം ഭഗവാനുമായി താദാത്മ്യം പ്രാപിക്കുവാൻ അധികംപേക്കും സാധിക്കുന്നതല്ല. വൈരിയെന്ന നിലയിലാണെങ്കിലും നിരന്തരമായ ചിന്ത ഭഗവാനെപ്പററിയുണ്ടായതുകൊണ്ടാണ് ഹിരണ്യകശിപുവിന് ഈ സൌഭാഗ്യം ലഭിച്ചത്. ഒടുവിൽ നൃസിംഹമൂൎത്തിയായ ഭഗവാങ്കൽനിന്നും നിഗ്രഹമാകുന്ന അനുഗ്രഹം കൈക്കൊണ്ടു ഹിരണ്യകശിപു മുക്തനായി. പുത്രമരണദുഃഖിതയായ അമ്മയ്ക്കു, ഹിരണ്യകശിപു ജ്ഞാനോപദേശം ചെയ്യുന്ന ഒരു ഭാഗം ഭാഗവതത്തിലുണ്ട്. അൎത്ഥഗംഭീരമായ ആ ഉപദേശം ഹിരണ്യകശിപു ഒരു വലിയ ജ്ഞാനിയാണെന്നു തെളിയിക്കുന്നു. 'ഞാൻതന്നെ ഈശ്വരൻ' എന്ന അഹങ്കാരത്തോടുകൂടി, ലോകാധിപത്യത്തിൽ മതിമറന്ന്, ഉൽകടമായ ദ്രോഹം ചെയ്തുകൊണ്ടു ഹിരണ്യകശിപു നശിക്കുവാനിടയായി. "മോദേതസാധുരപി വൃശ്ചികസൎപ്പഹത്യാ" എന്ന പ്രഹ്ളാദവാക്യത്തിൻെറ സാരം അനുസരിച്ചു, ഹിരണ്യകശിപുവിൻെറ നാശം ലോകത്തിനു സന്തോഷകരമായി ഭവിച്ചു. ഈശ്വരൻ സൎവ്വവ്യാപി, 'തൂണിലും തുരുമ്പിലും' സ്ഥിതിചെയ്യുന്നവൻ എന്ന വസ്തുത ആരും എപ്പോഴും ഓൎമ്മിക്കേണമെന്നുള്ള തത്വം ഹിരണ്യകശിപുവിൻെറ ചരിതത്തിൽനിന്നു ഗ്രഹിക്കേണ്ടതാകുന്നു. ഹിരണ്യാക്ഷൻ ഹിരണ്യകശിപുവിനു ചേൎന്ന ഭ്രാതാവായിരുന്നു. ലോകഭയങ്കരന്മാരായ പ്രതിനായകന്മാരുടെ കൂട്ടത്തിൽ ഇവർ രണ്ടുപേക്കും മുൻപന്തിയിൽ സ്ഥാനം ലഭിക്കുന്നതാണ്.

പുരാണങ്ങളിൽ സുപ്രസിദ്ധനായ മറെറാരു പ്രതി
നായകനാകുന്നു മഹാബലി. തപസ്സത്യദാനാദികളെ
ക്കൊണ്ടു ലോകത്തെ രഞ്ജിപ്പിച്ചും പൌരുഷപരാക്രമങ്ങ
ളെക്കൊണ്ടു വിറപ്പിച്ചും ബലി ലോകങ്ങൾക്കു് ഏകനാ
ഥനായി വാണു. നിശ്ചലമായ ദാനവ്രതം ബലിയുടെ
പ്രധാനഗുണമാണ്. ബലിയുടെ ഈ വ്രതത്തെക്കുറിച്ചു
ദേവകൾക്കും വിശേഷിച്ചു ഭഗവാനും നല്ല നിശ്ചയമു
ണ്ടായിരുന്നു. അതുകൊണ്ടു ഭഗവാൻ കപടവാമനരൂപി
യായിച്ചെന്നു ബലിയെ വഞ്ചിക്കുവാൻ കരുതി. യാച
കൻെറ യഥാൎത്ഥസ്ഥിതി ശുക്രാചാൎയ്യങ്കൽനിന്നു ബലി
ക്കു മനസ്സിലായി. എങ്കിലും ബലി മൂന്നടി ഭൂമി കൊടു
ക്കാമെന്നു യാചകനോടു മുൻകൂട്ടിച്ചെയ്ത വാഗ്ദാനത്തെ
ലംഘിച്ചില്ല. ഈ സന്ദൎഭത്തിൽ ആചാൎയ്യൻ, "ജീവിത
വൃത്തി സൎവ്വപ്രധാനമാകുന്നുവെന്നും അതിനു ഹാനിവരു
ത്തിട്ടു ചെയ്യുന്ന ദാനം ശ്ലാഘ്യമല്ലെന്നും ദാനം യജ്ഞം ത
പസ്സു കൎമ്മം മുതലായവ വൃത്തിയുള്ളവൻമാത്രമേ സാധി
ക്കുകയുള്ളൂ"വെന്നും മററും യുക്തിപൂൎവ്വം പല സാരോപ
ദേശങ്ങളും ബലിക്കു ചെയ്യുന്നുണ്ടു്. എന്നാൽ അവയൊ
ന്നും ഫലിക്കുന്നില്ല. വാമനൻ യഥാൎത്ഥമായ തൻെറ മഹാ
രൂപം കൈക്കൊണ്ടു രണ്ടടിവെച്ചു ഭൂമി അളന്നു "മൂന്നാ
മത്തെ അടി വെക്കുവാൻ സ്ഥലമെവിടെ?"യെന്നു ചോ
ദിക്കുമ്പോൾ "പദം തൃതീയം കുരു ശീൎഷ്ണി മേ നിജം"
—മൂന്നാമത്തെ അടി എൻെറ ശിരസ്സിൽ വെക്കാം.—എ
ന്നു പറഞ്ഞ് ആ സത്യവ്രതൻ തൻെറ മൂൎദ്ധാവു താഴ്ത്തി
ക്കാണിച്ചുകൊടുക്കുന്നു. ദുൎയ്യശസ്സിനെയല്ലാതെ, നരകം
പാശബന്ധം സ്ഥാനഭ്രംശം വിഷാദം അൎത്ഥനാശം മുത
ലായവയെപ്പററിയൊന്നും ഭയമില്ല. സത്യപരിപാലന
ത്തിനുവേണ്ടി സൎവ്വസങ്കടങ്ങളേയും ആശ്ലേഷിക്കുവാൻ സ

ന്നദ്ധൻ. ഇതാണ് ബലിയുടെ ഗംഭീരമായ മനസ്ഥിതി. തന്റെ സ്ഥാനഭ്രംശം മദാന്ധന്മാരായ അസുരന്മാരുടെ കണ്ണുതുറപ്പിക്കുന്ന—അവൎക്ക് ആത്മാനാത്മജ്ഞാനമുണ്ടാക്കിക്കൊടുക്കുന്ന—ഒരനുഗ്രഹമായി വിചാരിക്കുകയും,

“ത്വം നൂനമസുരാണാം നഃ
പാരോക്ഷ്യഃ പരമോ ഗുരുഃ”

ഭാഗവതം അഷ്ടമസ്കന്ധം അദ്ധ്യായം ൨൨.

എന്നു (അസുരന്മാരായ ഞങ്ങൾക്കു നേർവഴി കാണിച്ചുതന്ന ഒരു ഗുരുവാണ് നിന്തിരുവടി) ഭഗവാനെ ശ്ലാഘിക്കയും ചെയ്യുന്ന ബലിയുടെ ഹൃദയഗാംഭീൎയ്യം അന്യാദൃശമാണെന്ന് ആരും സമ്മതിക്കും. സ്വകുലദ്വേഷിയായ വിഷ്ണുവാണ് വാമനൻ എന്നും, തന്റെ കീഴിലിരിക്കുന്ന ലോകങ്ങൾ ചതിച്ചു വാങ്ങി ദേവന്മാൎക്കു കൊടുക്കുന്നതിനാണ് യാചകനായി വന്നിരിക്കുന്നതെന്നും അറിഞ്ഞിട്ടുകൂടി പൂൎവ്വനിശ്ചയത്തിൽനിന്നു തെററാതെ സത്യം രക്ഷിച്ച ബലിയോടു പൌരസ്ത്യൎക്കുള്ള ബഹുമാനം ഒരു കാലത്തും മാഞ്ഞുപോകുന്നതല്ല.

അസുരസാധാരണമായ അഹങ്കാരം ബലിക്കു് അതിരില്ലാതെയുണ്ടായിരുന്നു. താൻ ലോകങ്ങളുടെ ഏകനായ ഈശ്വരനാണെന്നു ബലി കരുതി. ദാനധൎമ്മാദി സൽകൎമ്മങ്ങളെല്ലാം അഭിമാനത്തിനുവേണ്ടി സാഹങ്കാരം ചെയ്തവയാണെന്നു വ്യക്തമാകുന്നുണ്ട്. അനേകം ഉത്തമഗുണങ്ങൾ തികഞ്ഞ ബലിയെ ഈ അഹങ്കാരമാണ് പതിപ്പിച്ചത്. അഹങ്കാരം പാതാളംവരെ അധഃപതിപ്പിച്ചെങ്കിലും, സത്യം ആ മഹാത്യാഗിയുടെ ആത്മാവിനെ ആകാശത്തേക്കാൾ ഉയൎന്ന ഒരു സ്ഥാനത്ത് ഉയൎത്തി ഉറപ്പിച്ചുനിൎത്തീട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല.

പുരാണങ്ങൾ ഉപപുരാണങ്ങൾ ഇതിഹാസങ്ങൾ മഹാകാവ്യങ്ങൾ മുതലായവയെക്കൊണ്ട് അസാധാരണമായവിധം വൈപുല്യത്തെ പ്രാപിച്ചിരിക്കുന്ന ഒന്നാണ് ഭാരതീയരുടെ പ്രാചീനസാഹിത്യം. ഇവിടെ വിമർശിക്കപ്പെട്ടവർ കൂടാതെ വേറേയും അസംഖ്യം നായകന്മാരും പ്രതിനായകന്മാരും അതിലുണ്ട്. ഭരതൻ പൃഥു പരീക്ഷിത്തു നളൻ അംബരീഷൻ രുഗ്മാംഗദൻ ജനകൻ ശിബി രന്തിദേവൻ മാന്ധാതാവു ഹരിശ്ചന്ദ്രൻ മുതലായ നായകന്മാരും ദക്ഷൻ വൃത്രൻ ത്രിപുരന്മാർ ഭവനൻ ബാലി ജരാസന്ധൻ കീചകൻ ബകൻ എന്നു തുടങ്ങിയ പ്രതിനായകന്മാരും അവരിൽ പ്രസിദ്ധന്മാരായ ചിലർ മാത്രമാകുന്നു. മുമ്പു വിമർശിച്ച നായകന്മാരുടേയും പ്രതിനായകന്മാരുടേയും സ്വഭാവങ്ങൾക്കുള്ള ഗുണവും ദോഷവും, ഇവക്കുമുണ്ടെന്നു പൊതുവെ ചുരുക്കിപ്പറയുന്നതിനല്ലാതെ അവയെപ്പററി അവഗാഹപൂർവ്വം വിചിന്തിക്കുന്നതിന് ഇവിടെ സൌകൎയ്യമില്ലെന്നു പറഞ്ഞുകൊള്ളുന്നു.

പൌരാണികസാഹിത്യകാരന്മാർ നായകന്മാരേയും പ്രതിനായകന്മാരേയും നിൎമ്മിച്ചിരിക്കുന്നത് ഏതേത് ആദൎശങ്ങളെ ആസ്പദമാക്കിയാണെന്നും, അവരുടെ ചരിത്രങ്ങളിൽനിന്ന് എത്രമാത്രം അമൂല്യങ്ങളായ ധൎമ്മാധൎമ്മരഹസ്യങ്ങളാണ് ലോകത്തിനു പഠിക്കുവാനുള്ളതെന്നും ഇവിടെ ഇത്രയും ചെയ്ത വിമൎശനത്തിൽനിന്ന് അല്പമെങ്കിലും വ്യക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു. ലോകത്തിൽ ഉത്തമരീതിയിൽ ജീവിതം നയിക്കണമെന്ന് ആഗ്രഹമുള്ള ഏതുതരക്കാൎക്കും ജ്ഞാതവ്യവും, ആത്മീയം മാനസികം ലൌകികം പാരത്രികം മുതലായ വിഭാഗങ്ങളിൽ ഉൾപ്പെടുന്നതുമായ ധൎമ്മത്തിന്റെ സൂക്ഷ്മമൊ സ്ഥൂലമൊ ആയ യാതൊരംശവും, പുരാണസാ

ഹിത്യത്തിൽ വൎണ്ണിക്കപ്പെടാത്തതായിട്ടില്ലെന്നു നിസ്സംശയം പറയാം. അത്രയ്ക്കു വൈശിഷ്ട്യം അതിനുണ്ട്. അത് അത്രയ്ക്കു വിപുലതരവുമാകുന്നു.

ഇപ്രകാരം മാഹാത്മ്യമേറിയ ആ സാഹിത്യസാമ്രാജ്യത്തിലെ അനൎഘങ്ങളായ മൂന്നു മഹാഭണ്ഡാഗാരങ്ങളാകുന്നു രാമായണവും ഭാരതവും ഭാഗവതവും. ഇവയിൽനിന്നു ഭാരതീയരുടെ പരിശുദ്ധമായ സംസ്കാരത്തിനും സാഹിത്യത്തിനും ലബ്ധമായിരിക്കുന്ന അഭിവൃദ്ധി ഇത്രയെന്നു നിൎണ്ണയിക്കാവുന്നതല്ല. ഈ മൂന്നു വിശുദ്ധഗ്രന്ഥങ്ങൾ നിലനില്ക്കുന്നിടത്തോളവുംകാലം പൌരസ്ത്യരുടെ സംസ്കാരവും സാഹിത്യപരമായ അഭിമാനവും നാമാവശേഷമാകുന്നതല്ലെന്ന് ആൎക്കും സധൈൎയ്യം പറയുവാൻ കഴിയും. അതുകൊണ്ട് ഇവിടെ, ഇവയിലെ നായകപ്രതിനായകന്മാരെപ്പററി ചെയ്യു വിചിന്തനം, സവിശേഷം പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ജനങ്ങൾക്കു സ്വയമേവ പുരാണസാഹിത്യത്തിലെ നായകന്മാരോടു ഭക്തിയും ബഹുമാനവും പ്രതിനായകന്മാരോടു വെറുപ്പും വിരോധവുമുണ്ടായിക്കാണുന്നു. ഇതിനു കാരണം സംസ്കാരപരവും അവിച്ഛേദ്യവുമായി ആത്മാവിന് ആ സാഹിത്യത്തോടുള്ള ബന്ധവിശേഷമാകുന്നു. ഇവിടെ പറഞ്ഞതിനു നേരെ വിപരീതമായ മനസ്ഥിതി (നായകന്മാരോടു വിരോധവും പ്രതിനായകന്മാരോടു ഭക്തിബഹുമാനങ്ങളും) ചുരുക്കം ചിലൎക്കുണ്ടായിക്കാണുന്നുണ്ട്. അവരുടെ ഈ സ്വഭാവം എത്രമാത്രം ക്ഷുദ്രമാണെങ്കിലും, അകൃത്രിമതയും ദൃഢതയുമുണ്ടായിരുന്നെങ്കിൽ, അതിനെ അല്പമെങ്കിലും മാനിക്കുമായിരുന്നു. ഇവൎക്ക്, അന്യന്മാരുടെ ദാരങ്ങളേയും ധനത്തേയും അ

പഹരിച്ച രാവണനോടും ദുര്യോധനനോടും ഉണ്ടാകുന്ന ഭക്തിബഹുമാനങ്ങൾ, ഇവരുടെ ഭാര്യയേയും ധനത്തേയും മററുവല്ലവരും തട്ടിയെടുത്താൽ, അപ്രകാരമുള്ളവരോടുണ്ടാകുന്നില്ല. ആ സന്ദർഭത്തിൽ ദാരധനാപഹാരകന്മാരെ എതിക്കുന്ന കാര്യത്തിൽ ഇവർ രാമനും യുധിഷ്ഠിരനും ഏതു മനസ്ഥിതിയെ വഹിച്ചുവോ അതിനെ സ്വീകരിക്കുന്നു. തങ്ങളെ രാവണൻ ദുഃര്യോധനൻ ശകുനി മുതലായ പേരുകൾകൊണ്ടു വ്യവഹരിക്കുന്നത് ഇവർ അവമാനമായിക്കരുതുന്നു. രാമൻ ജനാർദ്ദനൻ ജാനകി ദ്രൌപദി എന്നിങ്ങനെയല്ലാതെ രാവണൻ കുംഭകർണ്ണൻ താടക പൂതന മുതലായ പേരുകൾ ഇവർ സ്വസന്താനങ്ങൾക്കു കൊടുത്തുകാണുന്നില്ല. ഈ വസ്തുതകളെല്ലാം വിചാരിച്ചാൽ ചുരുക്കം ചിലർ തങ്ങൾക്കുണ്ടെന്നഭിമാനിക്കുന്ന മുമ്പു കാണിച്ച മനസ്ഥിതിക്ക് ഉറപ്പും സ്വച്ഛതയും അല്പവുമില്ലെന്നു തെളിയും. ഇക്കാര്യത്തിൽ അവരെ കുററക്കാരായി വിചാരിക്കരുത്. അനേകായിരം ശതവർഷങ്ങളായി നിർബ്ബാധമായി പ്രചരിച്ച പൂർവ്വജനപരമ്പരയിൽക്കൂടി യഥാക്രമം തങ്ങളിൽ സംക്രമിച്ച് ഉറച്ചുനില്ക്കുന്ന ആ സംസ്കാരത്തെ, മനഃപൂർവ്വം സർവ്വശക്തികളും ഉപയോഗിച്ചു സമരംചെയ്താൽക്കൂടി നിശ്ശേഷം നാമാവശേഷമാക്കുക എന്ന കാര്യം സാധിക്കുന്ന ഒന്നല്ല. ഇപ്രകാരം സ്വന്തം കാര്യത്തിൽക്കൂടി, വിജയം നേടുവാൻ സാധിക്കാത്ത ഒരു വ്യക്തിക്ക്, അല്ലെങ്കിൽ അല്പം ചിലക്ക്, എങ്ങിനെ ഒരു മഹാജനസമുദായത്തിൻെറ പ്രാക്തനമായ ആത്മസംസ്കാരത്തെ തലകീഴമറിക്കുവാൻ കഴിയുമെന്നു പറഞ്ഞറിയിക്കേണ്ടതില്ല. ഒരു വലിയ കാട്ടുതീ മുഖംകൊണ്ട് ഊതിക്കെടുത്തുന്നതിന്നും, സമുദ്രത്തെ കൈകൊണ്ടു മണ്ണുവാരിയിട്ടു നികത്തുന്നതി

നും, കുലപർവ്വതത്തെ ചെറിയ കല്ലെടുത്തെറിഞ്ഞു വിഴിക്കുവാനും സാധിച്ചേക്കാം. എന്നാൽ ജനസമുദായത്തിന്റെ ആത്മാവിൽ അന്തർല്ലീനമായിക്കിടക്കുന്ന പ്രാക്തനസംസ്കാരതേജസ്സിനെ അടിമറിച്ചു നശിപ്പിക്കുകയെന്നത് ഇവക്ക് അല്പവും സാധിക്കയില്ല. അതിനു ദാവാഗ്നിയേക്കാൾ പ്രകാശവും സമുദ്രത്തേക്കാൾ അഗാധതയും (അപാരതയും) കുലപർവ്വതത്തേക്കാൾ ഉറപ്പുമുണ്ട്. അതുതന്നെ കാരണം. ഈ വസ്തുത മനസ്സിലാക്കി ഏതാദൃശങ്ങളായ ഭ്രാന്തവ്യാപാരങ്ങളിൽ പ്രവേശിച്ചു 'സമസ്തജനഹാസ്യന്മാ'രാകാതെയിരിക്കുന്നതാണ് ആക്കും ഗുണം. പൌരാണികമായ സാഹിത്യത്തിനോടും അതിലെ നായകപ്രതിനായകാദി പാത്രങ്ങളോടും സംസ്കാരവിരുദ്ധമായ മനസ്ഥിതി വഹിക്കുന്നതു സർവ്വഥാ ശ്രേയോഹാനിയെച്ചെയ്യുമെന്നറിയേണ്ടതാകുന്നു. പാത്രകല്പനയിൽ കവികൾ ഉദ്ദേശിച്ചിരിക്കുന്ന ആദർശങ്ങളെ അറിഞ്ഞ് ആദരിച്ചു തദനുസരണം പ്രവർത്തിക്കുന്നതുകൊണ്ടുമാത്രമേ അഭിലഷണീയമായ ഫലം ലഭിക്കുകയുള്ളു. പ്രാചീനമായ സംസ്കാരചക്ഷുസ്സുകൊണ്ടു വേണം പുരാണസാഹിത്യത്തെ അവലോകനം ചെയ്യുന്നതിന് എന്നുള്ള വസ്തുത അല്പവും വിസ്മരിക്കാവുന്നതല്ല.

നായകന്മാരേയും പ്രതിനായകന്മാരേയും സൃഷ്ടിക്കുന്ന വിഷയത്തിൽ ഭാരതീയർ സ്വീകരിച്ചിരിക്കുന്ന ഗംഭീരവും പവിത്രവുമായ ആദർശം അന്യദേശക്കാക്ക് അപരിചിതമാകുന്നു. അവക്ക് ഒരു 'രാമ'നേയും ഒരു 'യുധിഷ്ഠിര'നേയും കാണണമെങ്കിൽ പൌരസ്ത്യരുടെ സാഹിത്യത്തെ സമാശ്രയിക്കണം. രാവണദുര്യോധനാദിപ്രതിനായകന്മാരും അവരുടെ ഭാവനാപഥത്തിന് അത്യന്തം അകലത്തു സ്ഥിതിചെയ്യുന്നു. ഇതുപോലെ മററു പാത്ര

ങ്ങളെ സംബന്ധിച്ചും പറയാം. ഈ സംഗതി ഭാരതീയ സാഹിത്യത്തിന്റെ നിരതിശയമായ ഒരു മാഹാത്മ്യത്തെ വ്യക്തമാക്കുന്നു. നമ്മൾ പുരാണസാഹിത്യത്തിന്റെ ഏതാദൃശങ്ങളായ യോഗ്യതകൾ മനസ്സിലാക്കി അതിനോടു പൂർവ്വാധികം ഭക്തിബഹുമാനങ്ങൾ 'അധീതിബോധാചരണപ്രചാരണ'മാർഗ്ഗങ്ങളിൽക്കൂടി പ്രകാശിപ്പിക്കേണ്ടതാണെന്നു് ഈ സന്ദർഭത്തിൽ പ്രാർത്ഥിച്ചുകൊള്ളുന്നു.

ശുഭം.

വടക്കുംകൂർ രാജരാജവർമ്മരാജാ.

## ഒരു വരണ്ട വഴിക്കുളം

അഴകേറെ മുടിഞ്ഞു പോയി, വണ്ണ-
പ്പിഴയും വന്നു, വിശോഷിതാംഗിയായി
അഴലേറ്റൊരു വാപിയിങ്ങു കാൺമൂ
പഴമക്കാരി പരുങ്ങലാർന്നു മാർഗ്ഗേ. ൧

അളിവേണി കളഞ്ഞു, ബന്ധമേന്തി-
ക്കളിവിട്ടിന്നു കഷായിതാംഗമായി
ദളിതാഖിലസക്തിയായതെന്തീ-
ലളിതം രമ്യസരസ്സു സന്ന്യസിച്ചോ? ൨

നളിനാക്ഷികളെങ്ങു? ദീർഘികേ! നിൻ
കിളിനാദങ്ങളുയർന്നിടാത്തതെന്തേ?
ഒളിചേർന്നൊരു ഹംസയാനമില്ലേ?
തെളിവിൽ തേ സുവിലാസലാസ്യമില്ലേ? ൩

കനിവേറിയ മീനദൃഷ്ടി പോയി-
ത്തനി വെൺ കക്കകളായി നിൻ മുഖത്തിൽ
ജനിതാമയമിന്നു, ഭേകചണ്ഡ-
ധ്വനിയാലാർത്തു കരഞ്ഞിടുന്നിതോ നീ. ൪

ഉടവേററു കൊഴിഞ്ഞുപോയി, വെൺകൽ-
പ്പടവാം നിന്നുടെ പല്ലു മിക്കവാറും,
ചടവാർന്നിരു പാശ്വവും കുഴിഞ്ഞുൽ-
ക്കടവൈരൂപ്യമിയന്നിടുന്നു വക്ത്രം. ൫

സുമനോമൃദുവാസിതാംഗമിപ്പോൾ
ക്ലമമേറിക്കൃമികൂടവാസമായി;
വിമനസ്കമിതോക്കയാൽ നിനക്കീ-
ഭ്രമമുൾചേൎത്തതു ചിത്രമല്ലതെല്ലും. ൬

"ജലമല്ലൊരു ജാലമായിരുന്നോ
നലമോലും തവ രൂപ"മെന്തിടാനിം,
ചിലരോൎപ്പിതു:—കാലദേവനുള്ളോ-
രലഘുക്രീഡനരംഗമിപ്രപഞ്ചം! ൭

ഒരുനാളിൽ മികച്ച യൌവനശ്രീ
പെരുകിപ്പൂൎണ്ണിമ പൂണ്ട വാപികേ! നീ,
വരുമിത്തരവസ്ഥയെന്നുതെല്ലും
കരുതീടാഞ്ഞതിലെന്തു കുററമോൎത്താൽ. ൮

അരുണൻ മറുദേശമെത്തിയാലാ
വിരുതൻ വെണ്മതി വന്നുചേരുമല്ലോ,
ഇരുപേരിവർ നിത്യവും നിറയ്ക്കും
പുരുസമ്പൽക്കലശങ്ങളെത്ര നിന്നിൽ. ൯

അതിമോടിയെഴുന്ന നിൻ ഗൃഹത്തിൽ-
പ്പതിവായിപ്പലരാജഹംസമെത്തി
സ്തുതിപാഠകവൃത്തിയാചരിക്കെ-
'ക്കൃതിഞാ'നെന്നു ഞെളിഞ്ഞതിത്രതെന്നോ? ൧൦

ഫലജാലമുപായനത്തിനായ് തൻ-
തലയിൽ താങ്ങിയെടുത്തു താഴ്മയോടേ
വിലസുന്ന്മിതരെത്ര വൃക്ഷരാജി-
ത്തലവക്കിന്നിവിടത്തിൽ വാസമായി! ൧൧

സ്ഫടികോജ്ജ്വലകോമളാംഗിയാം നിൻ
മടിയിൽച്ചേൎന്നു രസത്തൊടെത്ര മൎത്ത്യർ
മടിയാതെയനൎഘമുത്തു ചിന്നി-
ട്ടടിയിൽത്താണു കുളിത്തു പാൎത്തതില്ല? ൧൨

അനുവേലമണഞ്ഞിരുന്ന നാനാ
മനുജൎക്കനു യഥാസുഖം രമിപ്പാൻ
തനു നീ പരിചോടു നല്കി,യന്നി-
യനുകമ്പയ്ക്കൊരു പാത്രമായിതല്ലോ! ൧൩

അവരാരുമകാലശുഷ്കയാം നി-
ന്നവശതാപത്തിലലിഞ്ഞിടുന്നതില്ല,
അവമാനമറപ്പുമായിടുന്നു
തവ ചേറാണ്ട മുഖത്തു നോക്കിയിപ്പോൾ. ൧൪

തളരുന്ന തവാംഗവിക്ലവത്താ-
ലുളവാകുന്നതുമില്ല ഭാവഭേദം,
കുളമേ! തവ പാരവശ്യമോൎത്താ-
ലളവില്ലാത്തതുതന്നെ തൎക്കമില്ല. ൧൫

ചലമീൻമിഴി! നിൻ തരംഗചില്ലീ-
വലയിൽപ്പെട്ടു വലഞ്ഞ വാരിജേശൻ
മലമാന്റൊരു നിന്റെ മേനി ചൂടീ-
സ്ഥലമാലിന്യമകററുവാൻ ശ്രമിപ്പൂ. ൧൬

പുതുപുഞ്ചിരി തൂകി നിന്നെ നിത്യം
കുതുകം പൂണ്ടു പുണൎന്ന സോമനല്ലേ
അതുലോത്സവമീ വിളൎത്ത നിന്നെ-
യ്യതു താരാവലികൾക്കു കാട്ടിടുന്നു? ൧൭

വരുവോരെ വരിച്ചു നിൎവ്വിശങ്കം
സാദരം ചിക്കിങ്ങിനെ മങ്ങലേററി നിത്യം
"ഒരു കുട്ടിയുമെത്തിനോക്കിടാതായ്"
അറുദുഃഖാലറുതിപ്പെടുന്നുവല്ലോ! ൧൮

"വഴിയെന്തിനി മേന്മകിട്ടുവാനീ-
വഴിയിൽത്തന്നെ വരണ്ടുപോകയെന്ന്യേ?
കഴിയില്ലിനിയസ്സുവർണ്ണവാപ്യം,
വഴിയും ഭംഗിയുമിങ്ങു വീണ്ടെടുപ്പാൻ." ൧൯

ഇതി നീയഴലേറ്റു വീഴ്പ്പിടേണ്ടി-
ക്ഷിതിയിൽ ക്ഷാന്തി ചുരുക്കമായിരിക്കാം,
അതിയാമനതാപവഹ്നിതന്നിൽ
പ്രതിവേലം തനു ദഗ്ദ്ധമായിടട്ടെ. ൨൦

ഉലകത്തിലുയൎന്ന താപവാപ്പാൽ
വലയുന്നോൎക്കമൃതം പൊഴിച്ചു, കാലേ
വിലസും പ്രകൃതീശപരിക്കു വാപ്പും
ചലബാഷ്പം ഭവതിക്കു ശുദ്ധി നല്കും. ൨൧

വികൃതം തവ മെയ്യു വിട്ടു വീണ്ടും
സുകൃതം നേടുവതിന്നു നീ പിറക്ക;
പ്രകൃതിസ്പൃഹണീയസൽഗ്ഗുണം ചേ-
ൎന്നകൃശാനന്ദവുമാൎന്നിരിക്ക നീണാൾ. ൨൨

അന്നാളെങ്കിലുമീവിധത്തിലയി! നിൻ
നന്മേനിയാൎക്കും സദാ
വന്നാമട്ടു സമാക്രമിപ്പതിനു നീ
തക്കം കൊടുത്തീടൊലാ,
നന്നായേറെയൊതുങ്ങി നീയൊരു ഗൃഹ-
ത്തിന്നുററലങ്കാരമായ്
നിന്നാലും നലമോടു തൽഗൃഹപതി-
ക്കെന്നും പ്രിയം ചേൎന്നിടും. ൨൩

പാലിയത്ത് ഓമനക്കുഞ്ഞമ്മ.

## സൌന്ദര്യഭ്രമം

(തുടർച്ച)

മാസാൻ അവളുടെ കാറിൽക്കയറി വീട്ടിലേക്കു മടങ്ങി. മാങ്ഗി ഒരു റിക്ഷയിൽ കയറി പിന്നാലെതന്നെ പോയി. അവന്റെ അന്നത്തെ കഴിവെല്ലാം ഇങ്ങിനെ അനാവശ്യമായിക്കളഞ്ഞു. അന്നു പുറത്തേക്കിറങ്ങി തന്റെ സ്നേഹിതന്മാരെ കാണണമെന്ന് അവനു തോന്നിയതേയില്ല. വീട്ടിലിരുന്ന് ഈ ക്രിയയ്ക്കു പകരം വീട്ടേണ്ടവഴികളെപ്പറ്റി ആലോചിച്ചുകൊണ്ടുതന്നെ അവൻ കഴിച്ചുകൂട്ടി. അവന്റെ സ്നേഹിതന്മാർ പലപ്രാവശ്യവും അവനെ വന്നു വിളിച്ചു എങ്കിലും അവൻ ശബ്ദിച്ചതേയില്ല. അവന്റെ ദൃഷ്ടി മുഴുവൻ ലക്ഷ്മണദാസന്റെ വീട്ടിലേക്കായിരുന്നു. അവൻ കാണാതെ യാതൊരുത്തരും അവിടേക്കു പോകുകയോ, അവിടെനിന്നു പുറത്തേക്കു വരികയോ ചെയ്യരുതെന്നായിരുന്നു അവന്റെ നിശ്ചയം.

വൈകുന്നേരം ആ വിധവ തന്റെ കാറിൽ കയറിപ്പോയി. അവൾ തനിയേയാണ് പോയത്. അതുകൊണ്ടു മാസാൻ വീട്ടിലുണ്ടായിരിക്കും. അവർക്കെന്തു സംഭവിച്ചിരിക്കും. ഇതുവരെ അവർ പുറത്തുപോയിരുന്നത് ഒരുമിച്ചാണല്ലോ. ഇന്നെന്തുകൊണ്ടാണ് ഇരുവരും തനിയെ പോയത്? അവർ വല്ല കാരണത്താലും ശണ്ഠയായോ? മകളുടെ നടപടിയെപ്പറ്റി അമ്മ വല്ല ആക്ഷേപവും പറഞ്ഞിരിക്കുമോ? ഇങ്ങിനെയായിരുന്നു മാങ്ഗിയുടെ വിചാരം.

ഈ വിധവ എവിടേക്കാണ് പോയതെന്ന് അറിഞ്ഞിരുന്നുവെങ്കിൽ മാങ്ഗി വളരെ അത്ഭുതപ്പെടുമായിരുന്നു.

ഡോക്ടർ മർഫി റൺക്കുണിലെ വലിയ വൈദ്യന്മാരിൽ ഒരാളാണ്. അദ്ദേഹം തൻെറ വായനമുറിയിൽ ഇരുന്നു ചുരുട്ടുവലിക്കുകയായിരുന്നു. അദ്ദേഹം തനിക്കു വളരെ ഇഷ്ടമുള്ള ഒരു പുസ്തകത്തിൻെറ ഏടുകൾ മറിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ നായ തൻെറ കാല്ക്കൽതന്നെ കിടക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്നു ഭാര്യയില്ലാതിരുന്നതിനാൽ വീട്ടിൽ തനിയേയാണ് താമസിച്ചിരുന്നത്. തൻെറ രണ്ടു പെൺകുട്ടികളും ബിലാത്തിയിൽ വിദ്യാഭ്യാസാർത്ഥം താമസിക്കുകയായിരുന്നു.

അദ്ദേഹത്തിൻെറ ഭൃത്യൻ വന്ന് അദ്ദേഹത്തെ കാണ്മാൻ ഒരു ബർമ്മാസ്ത്രീ വന്നിരിക്കുന്നു എന്നു പറഞ്ഞപ്പോൾ മർഫി പരിഭ്രമിച്ചുകൊണ്ട് എണീററു. ആ സ്ത്രീ തൻെറ വീട്ടിൽ വരുവാൻ കാരണമെന്താണ്? ആ സ്ത്രീക്കു വല്ല ആപത്തും നേരിട്ടിരിക്കും. ഏതായാലും അവരെ പൂമുഖത്തേക്കു കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞു ഡോക്ടർ മെല്ലെ അങ്ങോട്ടു ചെന്നു.

ഡോക്ടരെ കണ്ടപ്പോൾ ആ സ്ത്രീ എണീററ് ഇംഗ്ലീഷിൽ വളരെ ബദ്ധപ്പെട്ടുകൊണ്ടു സംസാരിക്കാൻതുടങ്ങി. അവരോട് ഇരിക്കുവാൻ പറഞ്ഞു ഡോക്ടർ ഒരു കസേര വലിച്ച് അതിലിരുന്നു. ആദ്ദേഹം ആ സ്ത്രീയെ ഒന്നു നല്ലവണ്ണം നോക്കി. അവർ സുന്ദരിയും ഒരു പണക്കാരിയുമാണെന്നു തോന്നി. വളരെ ആഭരണങ്ങൾ അവർ അണിഞ്ഞിരുന്നു.

ആ സ്ത്രീക്കു വളരെ ബദ്ധപ്പാടുണ്ടായിരുന്നു. വെറുതെ തന്നെ നോക്കിക്കൊണ്ടിരിക്കുവാൻ ഡോക്ടർക്ക് ഇട കൊടുത്തില്ല. അവർ പിന്നെയും സംസാരിക്കുവാൻ തുടങ്ങി. അവരുടെ വാക്ക്ധോരണിയിൽ ഡോക്ടർ പെട്ടുപോയെങ്കിലും ചില സംഗതികളെല്ലാം മനസ്സിലാക്കി. ആ സ്ത്രീയുടെ ഭർത്താവിന്നു സുഖക്കേടാണ്. ഡോക്ടർ ഒന്നു വന്ന് അദ്ദേഹത്തെ നോക്കണം. ഇതാണ് കാര്യം.

"സുഖക്കേടിന്റെ മാതിരിയെന്താണ്?" എന്നു ഡോക്ടർ ചോദിച്ചു.

സ്ത്രീ—അദ്ദേഹത്തിനു കുറേക്കാലമായി സുഖക്കേടാണ്. ഈയിടെ തലയ്ക്കും കുറെ സുഖക്കേടു തുടങ്ങീട്ടുണ്ട്. അതൊരു വല്ലാത്ത ബുദ്ധിമുട്ടുണ്ടാക്കിത്തീർത്തിരിക്കുന്നു. എനിക്ക് ഒരു മകളല്ലാതെ വേറെ സ്വന്തമായി ആരുംതന്നെയില്ല. ഞങ്ങൾക്കു രണ്ടുപേൎക്കുംകൂടി അദ്ദേഹത്തെ ഒതുക്കിയിരുത്തുവാൻ സാധിക്കുന്നില്ല.

ഡോ—ഇതുവരെ വേറൊരു ഡോക്ടരേയും വരുത്തി കാണിച്ചിട്ടില്ലേ?

സ്ത്രീ—ഉവ്വ്, പക്ഷെ ചില ഭ്രാന്തന്മാർ വളരെ മിടുക്കന്മാരാണ്. പുറമെ ഒരുത്തനെ കണ്ടാൽ അവർ സുഖക്കേടു യാതൊന്നുമില്ലാത്തവരെപ്പോലെ സംസാരിക്കാൻ തുടങ്ങും. എല്ലാവരും വിചാരിക്കുന്നതു ഞാൻ അദ്ദേഹത്തെ ഒരു ഭ്രാന്തനാണെന്നു സ്ഥിരപ്പെടുത്തെണമെന്ന ദുഷ്ടവിചാരംകൊണ്ടാണ് ഇങ്ങിനെ ചെയ്യുന്നത് എന്നാണ്.

ഡോക്ടർ—ശരിയാണ്. അമ്മാതിരി ഒരു സുഖക്കേടുകാരുണ്ട്. ഇപ്പോൾ ഞാനെന്താണ് ചെയ്യേണ്ടത്?

സ്ത്രീ—നാളെ വൈകുന്നേരം എന്റെ വീട്ടിൽവന്ന് അദ്ദേഹത്തെ ഒന്നു പരിശോധിച്ചാൽ നന്നു. നിങ്ങൾ വളരെ പരിചയമുള്ള ഒരു ഡോക്ടരായതുകൊണ്ടു നിങ്ങളെ തോല്പിക്കുവാൻ അദ്ദേഹത്തിന്നു സാധിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തെവെച്ചു കഴിച്ചുകൂട്ടുവാൻ എനിക്കു സാധിക്കില്ല. ഭ്രാന്തശാലയിൽ കൊണ്ടുപോയി ആക്കേണമെങ്കിൽ ഒരു ഡോക്ടരുടെ സട്ടിഫിക്കററും വേണം. നിങ്ങൾ വരുമ്പോൾ കൂടെ ഒന്നുരണ്ടാളെക്കൂടി കൂട്ടിയാൽ നന്നു.

ഡോ—അതെന്തിന്ന്? അദ്ദേഹം അല്ലാതെതന്നെ ഒതുങ്ങില്ലേ?

സ്ത്രീ—എപ്പോഴും ഒന്നുണ്ടാവുന്നയില്ല. ചിലപ്പോൾ അദ്ദേഹത്തിന്നു മുഴുഭ്രാന്തിളകും. പിന്നെ "എന്റെ രത്നങ്ങൾ എവിടെപ്പോയി?" എന്ന് ഉച്ചത്തിൽ ചോദിച്ചുതുടങ്ങും. വളരേക്കാലംമുമ്പ് അദ്ദേഹത്തിന്റെ കുറെ രത്നം പോയിട്ടുണ്ട്. അതിന്റെ വിചാരം അദ്ദേഹത്തെ ഭ്രാന്തുപിടിപ്പിക്കുകയാണ്. ഇമ്മാതിരി സ്ഥിതിയിൽ അദ്ദേഹത്തെ പിടിച്ചൊതുക്കുവാൻ ആക്കും സാധിക്കില്ല. അപ്പോൾ, ആളെ കൊല്ലുവാനും, തെരുവിലേക്ക് ഓടിപ്പോകുവാനും ശ്രമിക്കും. അങ്ങയുടെ ഫീസ്സ് എന്തായാലും ഞാൻ തരാം. കൂടെ വരുന്നവക്കും വല്ലതും പ്രതിഫലം കൊടുക്കാം. പോരെ? ദയയുണ്ടായി ഇങ്ങിനെ ചെയ്താൽ നന്ന്.

ഡോ—ശരി, ഞാൻ അങ്ങിനെതന്നെ ചെയ്യാം. ഇതിൽ ദയ വിചാരിക്കേണ്ട ആവശ്യമേയില്ല. എന്റെ മുറയാണത്.

ആ സ്ത്രീ പോകുവാനായി എണീററു പിന്നെ പറഞ്ഞു "എന്നാൽ ഞാൻ നിങ്ങളെ നാളെ കാത്തിരിക്കും." പിന്നെ കാറിൽക്കയറി പോകുകയും ചെയ്തു. ഡോക്ടർ ഒരു മൂളിപ്പാട്ടു പാടിക്കൊണ്ടു തന്റെ മുറിയിലേക്കും പോയി.

പിറേറദിവസം വൈകുന്നേരം മാങ്ഗി ആപ്പീസ്സിൽനിന്നു മടങ്ങിവന്നപ്പോൾ ഒരു കാർ ലക്ഷ്മണദാസന്റെ വീടിന്റെ മുമ്പിൽ വന്നുനിന്നു. മാങ്ഗി അതിൽനിന്ന് ഇറങ്ങുന്നതാരാണെന്നു നോക്കാൻ വേഗം പുറത്തുവന്നു. ഗുജറാത്തി രത്നവ്യാപാരിയാണെന്നുകണ്ടപ്പോൾ അവന്നു വളരെ അത്ഭുതംതോന്നി. ഇതിന്റെ താൽപൎയ്യമെന്താണ്? മാസാന്റെ അമ്മയും ഇതിലുണ്ടൊ? തന്റെ മകളെ ആ വയസ്സന്നു വില്ക്കുവാൻതക്ക ദുഷ്ടയാണൊ അവളും? മനുഷ്യരിൽ ആരെയാണ് വി

ശപ്പസിക്കേണ്ടത്? അവൻ ഇതികർത്തവ്യതാമൂഢനായി നിന്നേടത്തുതന്നെ നിന്നു. ദേഷ്യം തിളച്ചുപൊങ്ങിത്തുടങ്ങി

രത്നവ്യാപാരി രണ്ടാംനിലയിൽ വന്നപ്പോൾ വൃഷളി അദ്ദേഹത്തെ വളരെ ബഹുമാനത്തോടുകൂടി ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അയാൾ അവിടെ കുറെനേരം ഇരുന്നു ചുററും നോക്കിത്തുടങ്ങി. അതൊരു ധനികയുടെ വീടുതന്നെയാണെന്നു തൃപ്തിപ്പെട്ടു. പക്ഷെ ആ സുന്ദരി എവിടെയാണ്? അവളെ ഒരിക്കൽകൂടി കാണണമെന്ന് ഉദ്ദേശിച്ചാണ് അയാൾതന്നെ വന്നത്. അല്ലെങ്കിൽ വല്ലവരേയും ഇങ്ങോട്ട് അയയ്ക്കുമായിരുന്നു. ഈ ഘട്ടത്തിൽ മാസാൻ ഒരു പുഞ്ചിരിതൂകിക്കൊണ്ട് അയാളുടെ അടുക്കൽ വന്ന് അയാളുടെ വിഷാദം തീർത്തു. പിന്നെ അവൾ ഇങ്ങിനെ ചോദിച്ചു. "രത്നങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ? അധികനേരമായോ വന്നിട്ട്?"

വ്യാപാരി തന്റെ കുപ്പായക്കീശയിൽനിന്ന് ഒരു തോൽസഞ്ചി പുറത്തെടുത്തു. പിന്നെ അതിനെ മാസാനു കൊടുത്ത് ഇങ്ങിനെ പറഞ്ഞു. "ഇതിൽ കുറെ രത്നങ്ങളുണ്ട്. ഇതു ബോധിച്ചില്ലെങ്കിൽ ഞാൻ നാളെ വേറെ ചില കല്ലു കൊണ്ടുവരാം. നിങ്ങൾതന്നെ എന്റെ പീടികയിലേക്കു വന്നാൽ നന്നായിരുന്നു. ഇത്രയൊക്കെ കയ്യിൽ കൊണ്ടുനടക്കുന്നതു ബുദ്ധിമുട്ടാണ്."

മാസാൻ—എന്റെ ബോദ്ധ്യം മാത്രമാണെങ്കിൽ ഞാൻ നിങ്ങളെ ഇങ്ങിനെ ബുദ്ധിമുട്ടിക്കില്ല. എന്റെ അമ്മയുടെ സമ്മതമില്ലാതെ എനിക്ക് ഒന്നും വാങ്ങുവാൻ നിവൃത്തിയില്ല. നിർഭാഗ്യവശാൽ അവൎക്കു സുഖക്കേടായതുകൊണ്ടു കിടക്കയിൽനിന്ന് എണീററുവരാൻ കൂടി സാധിക്കാതെയാണിരിക്കുന്നത്. അതാണ് നിങ്ങളെ ഇത്രയെല്ലാം ഉപദ്രവിച്ചത്.

വ്യാപാരി ഒന്നു പതുക്കെ ചിരിച്ചു പിന്നെ പറഞ്ഞു.

"ഉപദ്രവമൊന്നുമില്ല. ഇത് എൻെറ പ്രവൃത്തിയല്ലേ? എന്നോടു വരുവാൻപറഞ്ഞതിന്നു വന്ദനം പറയുന്നതേയുള്ളു."

മാസാൻ—ഇതിനെ ഒന്ന് അമ്മയ്ക്കു കാണിച്ച് അവരെക്കൊണ്ടു വേണ്ടത് എടുക്കാൻ പറയണം. അവരതാ കിടപ്പുമുറിയിലുണ്ട്. ചായ അയയ്ക്കട്ടെ?

ഗുജറാത്തി യാഥാസ്ഥിതികനായ ഒരു ഹിന്തുവായിരുന്നു. ആ സുന്ദരിക്കുവേണ്ടി ഇതെല്ലാം ചെയ്യുമെങ്കിലും ഒരു ബ്രഹ്മസ്ത്രീയുടെ ചായ കുടിക്കാൻ ഇഷ്ടമുണ്ടായിരുന്നില്ല. അങ്ങിനെ ചെയ്താൽ തൻെറ ജാതി പോകും. അതുകൊണ്ട് അയാൾ പറഞ്ഞു "വേണ്ട, വേണ്ട. ഞാൻ ചായകുടിക്കാറില്ല."

മാസാൻ ഒരു പുഞ്ചിരിയോടുകൂടി അവിടെനിന്നു പോയി. വ്യാപാരി—ധൎമ്മദാസൻ—ഒരു മാസികയുടെ ഭാഗം തിരിച്ചുംമറിച്ചും നോക്കിക്കൊണ്ടിരുന്നു. അപ്പോൾ ആരോ ഒരു തടിച്ച ആൾ കോണികയറിവരുന്ന ശബ്ദം കേട്ടു. അയാൾ ഇരുന്നേടത്തുനിന്നു നോക്കിയാൽ കോണി കാണ്മാൻ സാധിക്കില്ല. വൃഷളി പുതുതായി വന്നാളെ മുറിയിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ അവിടെ ഓടിയെത്തി. ധൎമ്മദാസനോട് "അതു ഡോക്ടരാണ്. കുറച്ചുകൂടി നിങ്ങൾ താമസിക്കണം" എന്നു പറഞ്ഞു.

തനിക്കു താമസിക്കേണ്ടിവരുമെന്നു ധൎമ്മദാസന്ന് അറിയാമായിരുന്നു. അത് അയാൾക്കു സന്തോഷവുമായിരുന്നു. പിന്നെയും അയാൾ മാസികയുടെ ഭാഗം തിരിച്ചുനോക്കുവാൻ തുടങ്ങി. മാസാൻ ഡോക്ടരോടു സംസാരിക്കുകയായിരിക്കും. എങ്കിലും തന്നെ ഇത്രനേരം തനിയെ ഇരുത്തേണ്ടിയിരുന്നില്ല. വേറെ വളരെ പ്രധാനകാൎയ്യങ്ങൾ നിൎത്തിവെച്ചാണ് ഇവിടെ വന്നത്.

ഡോക്ടർ മർഫി കൃത്യസമയത്തിന്ന് അവിടെയെത്തി. മാസാൻ അദ്ദേഹത്തെ എതിരേറ്റു കൂട്ടിക്കൊണ്ടു

പോയി. അപ്പോൾ ഇങ്ങിനെ പറഞ്ഞു. "ഇതാ ഇതിലെ വരണം. എൻെറ അമ്മ ഇതാ ഈ മുറിയിലാണ്. അവൾക്ക് സുഖമില്ല. ഇന്നലെ രാത്രി അച്ഛൻെറ ഉപദ്രവം വല്ലാതെയുണ്ടായിരുന്നു. ഉറങ്ങാൻ സാധിച്ചതേയില്ല."

ഡോക്ടൎക്ക മനസ്സിന്നു ബോദ്ധ്യമായി. അവൾ അമ്മയേക്കാൾ സുന്ദരിയും പഠിപ്പുള്ളവളുമാണ്. നല്ലവണ്ണം ഇംഗ്ലീഷു സംസാരിക്കുന്നതുമുണ്ട്. അദ്ദേഹം അവളുടെകൂടെ അമ്മയുടെ മുറിയിലേക്കു നടന്നു. അതൊരു ചെറിയ മുറിയാണെങ്കിലും അതിൽ എല്ലാസാമാനങ്ങളുമുണ്ടായിരുന്നു.

ആ സ്ത്രീ കിടക്കയിൽ എണീററിരുന്നു "നിങ്ങൾ ദയചെയ്തു വന്നതു വളരെനന്നായി" എന്നു പറഞ്ഞു. "അദ്ദേഹം ഇന്നലെ രാത്രി വളരെയെല്ലാം ബുദ്ധിമുട്ടിച്ചു. ഇങ്ങിനെതന്നെ ഇനിമേലും തുടൎന്നാൽ എങ്ങിനെയാണ് കഴിച്ചുകൂട്ടുക എന്നാണ് ആലോചിക്കുന്നത്."

ഡോക്ടൎക്ക് ആ ഭ്രാന്തൻെറ നേരെ ദേഷ്യം തോന്നി. പിന്നെ പറഞ്ഞു "എന്നെക്കൊണ്ടാകുന്നതെല്ലാം ഞാൻ ചെയ്യാം. ഭ്രാന്താസ്പത്രിയിൽ കൊണ്ടുപോയി ആക്കുവാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. അയാൾ ഇപ്പോൾ എവിടെയാണ്?"

സ്ത്രീ—അതാ ആ മുറിയിലുണ്ട്. പോയി നോക്കാം. നിങ്ങൾ തനിയെ പോകുന്നതാണ് നല്ലത്. ഞങ്ങളെ കാണുമ്പോൾ അദ്ദേഹം ഇളകും. നിങ്ങളുടെകൂടെ വേറെ ആളുണ്ടല്ലൊ. അദ്ദേഹത്തിന്ന് ഉന്മാദം ഇളകിയാൽ പിന്നെ ഒതുക്കുവാൻ പ്രയാസമാണ്. ഒററയ്ക്കു യാതൊന്നും സാധിക്കില്ല.

ഡോ—ഇതാ എൻെറ കാറിലേക്ക് ഒരാളെ അയച്ച് അവിടന്നു രണ്ടാളെ വരുവാൻ പറയണം. അവർ ആസ്പത്രിയിൽ വേലക്കാരാണ്. ഇമ്മാതിരി പ്രവൃത്തി

യെ നല്ലവണ്ണം പരിചയമുണ്ട്. അദ്ദേഹം ഒഴിഞ്ഞുനില്ലെങ്കിൽ ഞാൻ അദ്ദേഹത്തെ ആസ്പത്രിക്കു കൊണ്ടുപോയ്ക്കൊള്ളയാം.

"അതാണ് നല്ലത്" എന്നു മാസാനും അമ്മയും ഒന്നിച്ചു പറഞ്ഞു. വൃഷളിയെ താഴത്തേയ്ക്ക് അവരെ വിളിക്കുവാനയച്ചു.

ഇതിന്നിടയിൽ ധൎമ്മദാസൻ തനിയെ ഇരുന്നു മുഷിഞ്ഞു ദേഷ്യവും വന്നുതുടങ്ങി. ആരേയെങ്കിലും ഒന്നു വിളിക്കാമെന്നു വിചാരിക്കുമ്പോഴയ്ക്കു നമ്മുടെ ഡോക്ടർ മുറിയിൽ കടന്നുചെന്നു. പിന്നെ അദ്ദേഹം ചോദിച്ചു. "ആട്ടെ ഇന്ന് എങ്ങിനെയിരിക്കുന്നു?"

വ്യാപാരി ഒന്നു പരിഭ്രമിച്ചു. പിന്നെ പറഞ്ഞു. "എനിക്കു വിശേഷിച്ചൊന്നുമില്ല. നിങ്ങൾ ആരേയാണ് അന്വേഷിക്കുന്നത്?"

ഡോ:—നിങ്ങളെത്തന്നെ; ഇന്നലെ രാത്രി വല്ലാതെ ബുദ്ധിമുട്ടിച്ചു; ഇല്ലെ?

ധൎമ്മദാസൻ—"നിങ്ങളാരാണ്? എന്നെപ്പററിപറഞ്ഞതാരാണ്? നിങ്ങളെന്നെ വേറൊരാളാണെന്നു തെററിദ്ധരിച്ചിരിക്കയാണ് എന്നാണ് തോന്നുന്നത്. ഞാൻ ഇവിടെ ചിലരെ കാണ്മാൻ വന്നവനാണ്."

ഡോക്ടൎക്കു ചിരിവന്നു. പിന്നെ പറഞ്ഞു "ആ. അതൊക്കെയും എനിക്കറിയാം. ആട്ടെ നിങ്ങൾക്ക് ഉറക്കമുണ്ടൊ? ദഹനം എങ്ങിനെ?"

ധൎമ്മദാസന്റെ ക്ഷമയെല്ലാം അററു. "നിങ്ങളുടെ സമയം വൃഥാ കളയുന്നതെന്തിനാണ്? എനിക്കു യാതൊരു സുഖക്കേടുമില്ല. ഇതാ ഇവിടുത്തെ സ്ത്രീയോടൊ മകളോടോ ചോദിക്കിൻ. അപ്പോൾ നിങ്ങൾ അബദ്ധംപൊട്ടിച്ചതാണെന്നു മനസ്സിലാകും" എന്നു പറഞ്ഞു.

ഡോ—"അവരെല്ലാം പുറത്തേക്കു പോയി. ഇപ്പോൾ ഞാൻ ചോദിച്ചതിന്നുത്തരം പറയിൻ."

ധൎമ്മദാസൻ പിടഞ്ഞെഴുന്നേറ്റു. പിന്നെ പറഞ്ഞു: "എന്താ പറയുന്നത്; പുറത്തേക്കു പോയെന്നോ? എന്റെ രത്നങ്ങളൊ? ഒരു ലക്ഷം ഉറുപ്പിക വിലയുള്ള രത്നങ്ങൾ ഞാൻ അവരുടെപക്കൽ കൊടുത്തിട്ടുണ്ടല്ലൊ."

ഡോക്ടർ അദ്ദേഹത്തെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു. "ക്ഷമിക്കിൻ, ഇത്ര ഭ്രമിക്കണ്ട. നിങ്ങളുടെ രത്നങ്ങൾ എവിടെയും പോയിട്ടില്ല. നിങ്ങളുടെ യാതൊന്നും പോയിട്ടില്ല."

ധൎമ്മദാസൻ ഡോക്ടരുടെ കൈ തട്ടി നിലവിളിക്കുവാൻ തുടങ്ങി. "എന്നോടു മൌനമായിരിക്കുവാൻ പറയുകയാണെന്നോ? എന്റെ പണമെല്ലാം പോയല്ലൊ. ഞാൻ കള്ളന്മാരുടെ കയ്യിലാണ് പെട്ടത്. ഞാൻ നശിച്ചു. എന്താ ഇനി ചെയ്യുക. പൊല്ലീസ്സ്, പൊല്ലീസ്സ്" എന്നു മുറവിളി കൂട്ടിത്തുടങ്ങി. അയാൾ മുറിയിൽ നിന്നു വെളിയിൽപ്പോകുവാൻ ശ്രമിച്ചപ്പോൾ ഡോക്ടർ ഒരു ചൂളം വിളിച്ചു. രണ്ടു ബലവാന്മാർ മുറിയിൽ കടന്നുവന്നു ധൎമ്മദാസനെ പിടികൂടി.

"അയാളെ എന്റെ കാറിലേക്ക് എടുത്തുകൊണ്ടു പോകുവിൻ" എന്നു ഡോക്ടർ അവരോടു കല്പിച്ചു.

പിന്നെ കുറെനേരം അവിടെയുണ്ടായിരുന്ന സംഭവം എങ്ങിനെയാണ് വൎണ്ണിക്കുന്നത്? ലഹളതന്നെ. ഗുജറാത്തി ഒരു കാട്ടുമൃഗത്തിനെപ്പോലെ പൊരുതി. പക്ഷെ ഒടുവിൽ അയാളെ പിടിച്ചു വായിൽ തുണിക്കഷണം തിരുകി കാറിലേക്കു വലിച്ചുകൊണ്ടുപോയി. സമീപസ്ഥന്മാർ അമ്പരന്നു നോക്കിനിന്നു. ഡോക്ടരെ എല്ലാവൎക്കും പരിചയമുണ്ടായിരുന്നതുകൊണ്ട് അവർ ഒന്നും ചെയ്തില്ല. അദ്ദേഹത്തിന്റെ കാർ ആ വ്യാപാരിയേയും കൂട്ടി വേഗം പോയി.

മാങ്ഗി എന്താണ് ചെയ്തിരുന്നതെന്നറിയുവാൻ ഒരുപക്ഷെ എന്റെ വായനക്കാൎക്ക് ഉൽക്കണ്ഠയുണ്ടാകും.

ഡോക്ടർ ആ വീട്ടിലേക്കു വരുന്നതു കണ്ടപ്പോൾ അവന്റെ കോപമെല്ലാം തീൎന്നു. അത്ഭുതമായി. വ്യാപാരിയും അവിടെ വന്നിട്ടുണ്ടല്ലോ. അവിടെ എന്താണ് സംഭവിക്കാൻ പോകുന്നത്? ഇത്രവലിയൊരു ഡോക്ടർ വന്നതെന്തിനാണ്? ആൎക്കെങ്കിലും കഠിനമായ രോഗമുണ്ടോ? മാസാൻതന്നെയോ സുഖക്കേടായി കിടക്കുന്നത്? ഇതൊന്നും അറിയാനൊരു മാൎഗ്ഗവും കാണുന്നില്ല. ആ കള്ളൻ. മദിരാശിക്കാരൻ ഭൃത്യൻ പോയിട്ടു കുറെ ദിവസവുമായി.

മാസാന്റും അമ്മയും വൃഷളിയും ഇറങ്ങിവരുന്നതു കണ്ടപ്പോൾ അവന്റെ അത്ഭുതം പോയി പരിഭ്രമമായി. ഇതു ശരിയായൊരു സിനിമതന്നെ. എന്തൊന്നു സംഭവിച്ചു? അവൎക്കെന്താണ് ഇത്ര പരിഭ്രമം? മാങ്ങ്ഗി എല്ലാം നല്ലവണ്ണം കാണുവാൻവേണ്ടി വഴിയിലേക്കിറങ്ങി. അപ്പോഴയ്ക്കും അവരുടെ കാർ അവിടെയെത്തി. അവർ അതിൽ കയറി. നിമിഷനേരംകൊണ്ട് അത് അദൃശ്യമാകുകയും ചെയ്തു.

ഇനി സമയം കളയരുത്. മാങ്ങ്ഗി ചുറ്റുമൊന്നു നോക്കി. സമീപസ്ഥന്റെ ഒരു ചവിട്ടുവണ്ടി അവിടെ കണ്ടു. അതിൽ അവൻ കയറി അവരുടെ പിന്നാലെതന്നെ വിട്ടു. അപ്പോഴയ്ക്കും കാർ കുറെ ദൂരം പോയിക്കഴിഞ്ഞിരുന്നു.

അവന്റെ വൃദ്ധയായ അമ്മ അന്നു രാത്രി വളരെ വിഷാദിച്ചുകൊണ്ടുതന്നെയാണ് കഴിച്ചുകൂട്ടിയത്. മാങ്ങ്ഗി അന്നു മടങ്ങിയില്ല. പിറേറന്നു പുലൎന്നപ്പോൾ ആ സ്ത്രീ വീടുവീടാന്തരം തന്റെ മകനെ അന്വേഷിച്ചു തുടങ്ങി. പക്ഷെ അവനെ കണ്ടില്ല. ആ സാധു സ്ത്രീ അന്നു മുഴുവൻ കരയുകയും പ്രാൎത്ഥിക്കുകയും തന്നെയാണ് ചെയ്തത്.

വൈകുന്നേരം അവൾ പൊല്ലീസ്സ് സ്റ്റേഷനിലേക്കു പോകുവാൻ തുടങ്ങുമ്പോഴയ്ക്കു തന്റെ മകൻ വന്നുചേ

ന്നു. എങ്ങിനെ? അവൻെറ ഉടുപ്പെല്ലാം കീറി രക്തംപുരണ്ടിരുന്നു. തലയിൽ ഒരു കെട്ടും ഉണ്ടായിരുന്നു. അവനെ കണ്ടപ്പോൾ ആ സ്ത്രീ അവൻെറ അടുക്കലേക്ക് ഓടിച്ചെന്ന് ഇങ്ങിനെ ചോദിച്ചു. "എന്തു സംഭവിച്ചു കുട്ടി! നീ ഇന്നലെ എവിടെയായിരുന്നു?"

മാങ്ഗി—അതു പറഞ്ഞിട്ടെന്തൊരുഫലമാണ്? അതു കഴിഞ്ഞതതെ കഴിഞ്ഞു. ഔ എന്തൊരു ചൈത്താനാണപ്പോ!

സ്ത്രീ—ആരെക്കുറിച്ചാണ് നീ പറയുന്നത്?

മാങ്ഗി—അതാ, അതാ; ആ രണ്ടാംനിലയിലെ. ആരോടും പറയരുത്. അമ്മേ! എൻെറ ജീവനോടുകൂടി ഞാൻ മടങ്ങിയതുതന്നെ വലിയൊരു കാൎയ്യമായിപ്പോയി. പക്ഷെ ജനങ്ങൾ ഇതിനെപ്പററി പറഞ്ഞ് എന്നെ പരിഹസിക്കാതിരിക്കണം.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ പത്രങ്ങളിൽ ഒരു വൎത്തമാനം കണ്ടു. വലിയ അക്ഷരത്തിൽ തലക്കെട്ട് ഇങ്ങിനെ അച്ചടിച്ചിരുന്നു. അസാധാരണയായ കൊള്ള. സ്ത്രീകൊള്ളക്കാരുടെ പ്രവൃത്തി.

അതു സാധു ധൎമ്മദാസൻെറ വൎത്തമാനമായിരുന്നു. അയാളെ ആസ്പത്രിയിൽ രണ്ടുദിവസം വെച്ചിരുന്നു. വളരെ കഷ്ടപ്പെട്ട് അവിടെനിന്നു വെളിക്കുവന്നു. തനിക്കു ഭ്രാന്തില്ലെന്നു തെളിയിക്കാൻ അയാൾ ചില മൎയ്യാദക്കാരായ സാക്ഷികളെക്കൊണ്ടു പറയിക്കുകയും, തൻെറ റിക്കാർട്ടുകളും മററും കാണിച്ചുകൊടുക്കുകയും ചെയ്തു. പക്ഷെ അയാളുടെ നഷ്ടം അയാളെ നല്ലൊരു അടി അടിച്ചു. അയാളുടെ ഒരു ലക്ഷത്തിന്നുമീതെ വിലപിടിക്കുന്ന രത്നങ്ങളാണ് പോയത്.

മാങ്ഗി അതിൽപിന്നെ സിനിമ കാണാൻ പോകാറില്ല.

ഇ. ഐ. പങ്ങിഅച്ചൻ ബി എ., എൽ. ടി.